**നിബന്ധനകളും വ്യവസ്ഥകളും - EMI/ ലോൺ ഫോർക്ലോഷർ**

2023 നവംബർ 10 മുതൽ പ്രാബല്യത്തിൽ, ലോൺ സൗകര്യം/ലോൺ കാലയളവിൽ കാർഡ് ഉടമ ഒരു ലോൺ സൗകര്യം/ലോൺ ഫോർക്ലോഷർ ചെയ്താൽ, അവസാന ബില്ലിംഗ് തീയതി മുതൽ ലോൺ സൗകര്യം/ലോൺ അവസാനിപ്പിക്കുന്ന തീയതി വരെയുള്ള മുഴുവൻ കുടിശ്ശികയും (പ്രിൻസിപ്പൽ കുടിശ്ശിക, ഫോർക്ലോഷർ ചാർജ്, ലോണിന്റെ പലിശ എന്നിവ ഉൾപ്പെടെ) ബാങ്കിന് തിരിച്ചടയ്ക്കാൻ കാർഡ് ഉടമ ബാധ്യസ്ഥനാണ്. അത്തരമൊരു സാഹചര്യത്തിൽ, പലിശ നിരക്കിനുള്ള കാർഡ് സ്റ്റേറ്റ്മെന്റിലെ എൻട്രികൾ ഇപ്രകാരമായിരിക്കും

• A = ശേഷിക്കുന്ന ലോൺ കാലയളവിലെ മുഴുവൻ പലിശയും ഡെബിറ്റ് ചെയ്യും (അതായത്, കഴിഞ്ഞ ബില്ലിംഗ് തീയതി മുതൽ ലോൺ ക്ലോസ് ചെയ്യുന്ന തീയതി വരെ)

• B = ലോൺ ഫോർക്ലോഷറിന് ശേഷമുള്ള കാലയളവിലെ പലിശ (അതായത്, ഫോർക്ലോഷർ തീയതി മുതൽ ലോൺ ക്ലോസ് ചെയ്യുന്ന തീയതി വരെയുള്ള കാലയളവ്) കാർഡ് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യും.

ഫലത്തിൽ, മൊത്തം പലിശ, അതായത് (A-B) കഴിഞ്ഞ ബില്ലിംഗ് തീയതി മുതൽ ലോൺ ഫോർക്ലോഷർ തീയതി വരെയുള്ള ദിവസങ്ങൾക്ക് കണക്കാക്കി കസ്റ്റമറിന് ബിൽ ചെയ്യും.

കാർഡ് മെംബർ റിവോൾവിംഗ് ക്രെഡിറ്റ് സൗകര്യമാണ് ഉപയോഗിക്കുന്നതെങ്കിൽ, ഈ ബാലൻസിന് ക്രെഡിറ്റ് കാർഡിനുള്ള ഫൈനാൻസ് ചാർജ്ജ് ഉൾപ്പെടെ ബാധകമായ ചാർജ്ജുകൾ വരും. ആ കുടിശിക തുക ഉടൻ തിരിച്ചടയ്ക്കാൻ ആവശ്യപ്പെടാൻ ബാങ്കിന് അവകാശമുണ്ട്.

**വിവരണം:** മുൻ കുടിശികകൾ മുഴുവനും നിങ്ങൾ അടച്ചിട്ടുണ്ടെന്ന് കരുതുക, ക്രെഡിറ്റ് കാർഡ് അക്കൗണ്ടിൽ കുടിശികയൊന്നും ഇല്ല, നിങ്ങളുടെ പ്രതിമാസ സ്റ്റേറ്റ്മെന്റ് എല്ലാ മാസവും 25 ന് ജനറേറ്റ് ചെയ്യും. 2023 മെയ് 3 ന് നിങ്ങൾ 6 മാസത്തേക്ക് രൂ. 5,000 ബാലൻസ് ഓൺ EMI (BoE) എടുത്തു, 14% ROI. 2023 ജൂലൈവരെ 2 EMI കൾ കിഴിച്ചു, 2023 ജൂലൈ 17 ന് ഫോർക്ലോഷറിനായി അപേക്ഷിച്ചു.

| **തീയതി** | **ട്രാൻസാക്ഷൻ തരം** | **തുക (രൂ.)** | **വിശദീകരണം** |
|---|---|---|---|
| 3rd മെയ് '23 | BOE (ബാലൻസ് ഓൺ EMI) പ്രയോജനപ്പെടുത്തി | INR 5,000 | ക്രെഡിറ്റ് കാർഡിലെ BOE (ബാലൻസ് ഓൺ EMI) |
| 2nd ജൂൺ '23 | 1st EMI തുക | INR 867.69 Dr | രൂ. 867.69 തുകയുടെ EMI കിഴിച്ചു (മുതൽതുക = രൂ. 809.36, പലിശ = രൂ. 58.33) |
| 2nd ജൂൺ '23 | പലിശയിലെ GST | INR 10.50 Dr | പലിശയിൽ GST @18%, 58.33*18% = രൂ. 10.50 |

| | | | |
|---|---|---|---|
| 2nd ജൂലൈ '23 | 2nd EMI തുക | INR 867.69 Dr | രൂ. 867.69 തുകയുടെ EMI കിഴിച്ചു (മുതൽതുക = രൂ. 818.80, പലിശ = രൂ. 48.89) |
| 2nd ജൂലൈ '23 | പലിശയിലെ GST | INR 8.80 Dr | പലിശയിൽ GST @18%, 48.89*18% = രൂ. 8.80 |
| 17th ജൂലൈ '23 | BOE ന്റെ ഫോർക്ലോഷർ EMI # 3 മുതൽ 6 ന് പലിശ ഡെബിറ്റ് | INR159.08 Dr | 2023 ജൂലൈ 17 ന് ഫോർക്ലോഷർ അഭ്യർത്ഥന. ശേഷിക്കുന്ന കാലാവധിയുടെ പലിശ ഡെബിറ്റ് (2023 ജൂലൈ 3 മുതൽ 2023 നവംബർ 2 വരെ) 3371.84*14%*123 ദിവസം/365 ദിവസം=159.08 (മുതൽതുക കുടിശ്ശിക ബാലൻസ് രൂ. 3371.84 ആണ്) |
| 17th ജൂലൈ '23 | പലിശയിലെ GST | INR 28.63 Dr | 159.08*18% = INR 28.63 |
| 17th ജൂലൈ '23 | തവണ പലിശ റിവേഴ്സൽ | INR 140.97 Cr | വിനിയോഗിക്കാത്ത കാലയളവിലെ (2023 ജൂലൈ 17 മുതൽ 2023 നവംബർ 2 വരെ) പലിശ തിരിച്ചടവ് 3371.84*14%*109 ദിവസം/365 ദിവസം = രൂ. 140.97 (രൂ. 3371.84 ആണ് പ്രിൻസിപ്പൽ കുടിശ്ശിക ബാലൻസ്) |
| 17th ജൂലൈ '23 | GST റിവേഴ്സൽ | INR 25.37 Cr | 140.97*18%= INR 25.37 |
| | ഫലത്തിൽ മൊത്തം പലിശ | INR 18.11 | കഴിഞ്ഞ ബില്ലിംഗ് തീയതി മുതൽ ലോൺ ക്ലോസ് ചെയ്ത തീയതി വരെ പലിശ |
| | ഫലത്തിൽ മൊത്തം GST | INR 3.26 | ഫലത്തിൽ മൊത്തം പലിശയിലെ GST |

ക്രെഡിറ്റ് കാർഡിലെ ഇൻസ്റ്റന്റ് ലോൺ, EMI യിലേക്കുള്ള ബാലൻസ് പരിവർത്തനം, മർച്ചന്റിൽ EMI യിലേക്കുള്ള ബാലൻസ് കൺവെർഷൻ (മർച്ചന്റ് EMI) അല്ലെങ്കിൽ ആക്സിസ് ബാങ്ക് ക്രെഡിറ്റ് കാർഡിലെ പോസ്റ്റ്-ഫാക്റ്റോ (ട്രാൻസാക്ഷൻ EMI) എന്നിവയ്ക്ക് പ്രസ്തുത മാറ്റങ്ങൾ ബാധകമാകും. ലോൺ ഫോർക്ലോഷറുമായി ബന്ധപ്പെട്ട മറ്റെല്ലാ ചാർജുകളും നിലവിലുള്ള നിബന്ധനകളും വ്യവസ്ഥകളും അനുസരിച്ച് തുടരും. താഴെ കൊടുത്തിരിക്കുന്ന വിശദമായ നിബന്ധനകളും വ്യവസ്ഥകളും പരിശോധിക്കുക:

- ക്രെഡിറ്റ് കാർഡിൽ ലോൺ - https://www.axis.bank.in/important-links/credit-card/card-services
- EMI യിലേക്ക് ബാലൻസ് കൺവെർഷൻ - https://www.axis.bank.in/important-links/credit-card/card-services
- EMI യിലേക്ക് ട്രാൻസാക്ഷൻ കൺവെർഷൻ (TEMI) - https://www.axis.bank.in/important-links/credit-card/card-services
- മാർച്ചന്റ് EMI (MEMI) - https://www.axis.bank.in/important-links/credit-card/card-services

**A) ക്രെഡിറ്റ്, ക്യാഷ് പിൻവലിക്കൽ / അഡ്വാൻസ് ഫീസ്**

- **ക്രെഡിറ്റ് പരിധി:** കാർഡ് ഉടമയ്ക്ക് നൽകുന്ന ലിമിറ്റാണ്. എല്ലാ ട്രാൻസാക്ഷനുകളും, ഫീസുകളും, ചാർജുകളും ഉൾപ്പെടെ ആകെ കുടിശ്ശിക ഈ ലിമിറ്റ് കവിയരുത്. ആഡ്-ഓൺ ക്രെഡിറ്റ് കാർഡ് ഉടമ പ്രാഥമിക കാർഡ് ഉടമയ്ക്ക് നൽകിയിട്ടുള്ള ക്രെഡിറ്റ് ലിമിറ്റ് ഷെയർ ചെയ്യും. പ്രാഥമിക കാർഡ് ഉടമയുടെ അക്കൗണ്ടിന്റെ ക്രെഡിറ്റ് ലിമിറ്റിൽ വരുത്തുന്ന ഏതൊരു മാറ്റവും, അത് കൂട്ടലോ കുറയ്ക്കലോ ആകട്ടെ, ബന്ധപ്പെട്ട എല്ലാ ആഡ്-ഓൺ ക്രെഡിറ്റ് കാർഡ് ഉടമകൾക്കും സ്വയമേവ ബാധകമാകും.

- **ക്യാഷ് ലിമിറ്റ്:** കാർഡ് ഉടമയ്ക്ക് അനുവദിച്ചിരിക്കുന്ന ക്യാഷ് അഡ്വാൻസ് പരിധിയാണ് ഇത്. ഈ പരിധി ക്രെഡിറ്റ് ലിമിറ്റിനേക്കാൾ കുറവാണ്, അത് മൊത്തത്തിലുള്ള ക്രെഡിറ്റ് ലിമിറ്റിന്റെ സബ്സെറ്റാണ്.

  ATM ൽ നിന്ന് പിൻവലിക്കുന്ന ക്യാഷിന് ഒരു ട്രാൻസാക്ഷൻ ഫീസ് ഈടാക്കും. മാത്രമല്ല, ട്രാൻസാക്ഷൻ തീയതി മുതൽ ക്യാഷ് ട്രാൻസാക്ഷന് മേൽ പലിശ വരും, പേമെന്റിന്റെ കൃത്യ തീയതിയിൽ നടത്തുന്ന 100% ബാലൻസ് പേമെന്റ് അടയക്കുന്നതിനെ ആശ്രയിച്ച് പലിശ കൂടി വരുന്ന റീട്ടെയിൽ പർച്ചേസിൽ നിന്ന് വ്യത്യസ്തമാണ് അത്.

- **ലഭ്യമായ ക്രെഡിറ്റ് ലിമിറ്റഡ്:** ലഭ്യമായ ക്രെഡിറ്റ് ലിമിറ്റഡ് ഏത് സമയത്തും അസൈൻ ചെയ്ത ക്രെഡിറ്റ് ലിമിറ്റും, ആ സമയത്ത് കാർഡിലുള്ള ശേഷിക്കുന്ന ബാലൻസും തമ്മിലുള്ള അന്തരമാണ്. പ്രൈമറി കാർഡ് ഉടമക്ക് അസൈൻ ചെയ്തിരിക്കുന്ന ഈ ക്രെഡിറ്റ് ലിമിറ്റ് ആഡ്-ഓൺ കാർഡ് ഉടമയും പങ്കിടും.

- **ലഭ്യമായ ക്രെഡിറ്റ് ലിമിറ്റഡ്:** ലഭ്യമായ ക്രെഡിറ്റ് ലിമിറ്റഡ് ഏത് സമയത്തും അസൈൻ ചെയ്ത ക്യാഷ് ലിമിറ്റും, ആ സമയത്ത് കാർഡിലുള്ള ശേഷിക്കുന്ന ക്യാഷ് ബാലൻസും തമ്മിലുള്ള അന്തരമാണ്.

- **ഇന്റർനാഷണൽ ലിമിറ്റ്:** കസ്റ്റമറിന് അന്താരാഷ്ട്ര ഉപയോഗത്തിനായി അസൈൻ ചെയ്തിട്ടുള്ള ലിമിറ്റാണ് ഇന്റർനാഷണൽ ലിമിറ്റ്. ക്രഡിറ്റ് കാർഡിന് അപേക്ഷിക്കുന്ന സമയത്ത് അന്താരാഷ്ട്ര ഉപയോഗം തിരഞ്ഞെടുത്ത് കസ്റ്റമർമാർക്ക് മാത്രമാണ് അത് ബാധകം. അത് നിങ്ങളുടെ വെൽക്കം കിറ്റിൽ പറഞ്ഞിരിക്കുന്ന ഇന്റർനാഷണൽ ലിമിറ്റ് പ്രകാരമായിരിക്കും.

- ക്രെഡിറ്റ്, ക്യാഷ്, ഇന്റർനാഷണൽ (ഉണ്ടെങ്കിൽ) ലിമിറ്റ് ഓരോ കാർഡ് ഉടമയ്ക്കും വ്യത്യസ്തമാണ്. കാർഡ് കൈമാറുന്ന സമയത്ത് കാർഡ് ഉടമയെ വെൽക്കം ലെറ്ററിലൂടെ ഇക്കാര്യം അറിയിക്കും, കാർഡ് ഉടമയ്ക്ക് അയക്കുന്ന പ്രതിമാസ സ്റ്റേറ്റ്മെന്റിലും ഇക്കാര്യം വെളിപ്പെടുത്തും. ഓരോ തവണയും പ്രതിമാസ സ്റ്റേറ്റ്മെന്റ് തയ്യാറാക്കുന്ന സമയത്തെ ലഭ്യമായ ക്രെഡിറ്റ് ലിമിറ്റ് ആ സ്റ്റേറ്റ്മെന്റിന്റെ ഭാഗമായി നൽകുന്നതാണ്.

- **മൾട്ടി കാർഡ്-ലിമിറ്റ് ഷെയറിംഗ്:** കാർഡ് ഉടമയുടെ നിലവിലെ കാർഡ് തരത്തിൽ നിന്ന് വ്യത്യസ്തമായ ഒരു കാർഡ് തരം നൽകാനുള്ള അവകാശം ആക്സിസ് ബാങ്കിന് സ്വന്തം വിവേചനാധികാരത്തിൽ നിക്ഷിപ്തമാണ്. ഏതൊരു ക്രെഡിറ്റ് കാർഡിലും ഏത് സമയത്തുമുള്ള ക്രെഡിറ്റ് ലിമിറ്റും ക്യാഷ് ലിമിറ്റും ആക്സിസ് ബാങ്കിന്റെ ഏക വിവേചനാധികാരത്തിൽ ഉള്ളതാണ്. നിങ്ങളുടെ ആക്സിസ് ബാങ്ക് ക്രെഡിറ്റ് കാർഡിലെ മുഴുവൻ ക്രെഡിറ്റ് ലിമിറ്റും പങ്കിട്ടുള്ളതാണ്. നിങ്ങളുടെ ഓരോ ആക്സിസ് ബാങ്ക് ക്രെഡിറ്റ് കാർഡിലെയും വ്യത്യസ്ത ക്രെഡിറ്റ് ലിമിറ്റ് എന്തായിരുന്നാലും, ഒന്നിച്ചുള്ള ഉപയോഗം പങ്കിട്ടുള്ള ലിമിറ്റിൽ പരിമിതമായിരിക്കും. കാർഡ് തലത്തിൽ ഓരോന്നിന്റെ ക്രെഡിറ്റ് ലിമിറ്റ് അഥവാ കസ്റ്റമർ തലത്തിൽ പങ്കിട്ടുള്ള ലിമിറ്റും നിലവിലെ ആഭ്യന്തര മാർഗ്ഗനിർദ്ദേശങ്ങൾ അടിസ്ഥാനമാക്കി ബാങ്കിന്റെ ഏക വിവേചനാധികാരത്തിലാണ് തീരുമാനിക്കുക. ക്രെഡിറ്റ് കാർഡ് സ്റ്റാൻഡേർഡിൽ അനുവദിച്ച ക്രെഡിറ്റ് ലിമിറ്റിൽ കുടിശിക തുക കവിയുന്ന സാഹചര്യത്തിൽ ഓവർ ലിമിറ്റ് ചാർജ്ജ് ബാധകമാകും. നിലവിലുള്ള കാർഡുകൾക്ക് പുതിയ അപേക്ഷ നൽകുന്നുണ്ടെങ്കിൽ അതനുസരിച്ച് കസ്റ്റമറിന്റെ ഗാർഹികവും വ്യക്തിപരവുമായ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യാനുള്ള അവകാശം ആക്സിസ് ബാങ്കിൽ നിക്ഷിപ്തമാണ്. ഒരു കസ്റ്റമറിന് ഇഷ്യു ചെയ്യുന്ന ക്രെഡിറ്റ് കാർഡുകളുടെ പരമാവധി എണ്ണം ബാങ്കിന്റെ ആഭ്യന്തര നയങ്ങൾക്കും വിവേചനാധികാരത്തിനും വിധേയമായിരിക്കും.

- കസ്റ്റമറിന്റെ കൈവശമുള്ള ക്രെഡിറ്റ് കാർഡുകളിലെ ക്രെഡിറ്റ് ലിമിറ്റുകൾ നിലവിലെ ആഭ്യന്തര നയം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമാണ്, അത് ബാങ്കിന്റെ ഏക വിവേചനാധികാരത്തിലും ആയിരിക്കും. ഒരു കസ്റ്റമറിന് പല ആക്സിസ് ബാങ്ക് ക്രെഡിറ്റ് കാർഡുകൾ ഉണ്ടെങ്കിൽ എല്ലാ കാർഡുളിലുമുള്ള ലിമിറ്റ് പങ്കിട്ടുള്ളതായിരിക്കും, എല്ലാ കാർഡുകളിലും ഒരുപോലെ ആയിരിക്കും. ഉദാഹരണത്തിന്, കസ്റ്റമറിന്റെ ക്രെഡിറ്റ് ലിമിറ്റ് രൂ. 1,00,000 ആണ്, കസ്റ്റമറിന് ആക്സിസ് ബാങ്കിന്റെ രണ്ട് ക്രെഡിറ്റ് കാർഡുകൾ ഉണ്ട് എങ്കിൽ, ഓരോ കാർഡിലുമുള്ള ലിമിറ്റ് രൂ. 1,00,000 ആണ്, അത് രണ്ട് കാർഡിലും പങ്കിടും. കസ്റ്റമർ കാർഡ്

എ-യിൽ രൂ. 90,000 ന്റെ ട്രാൻസാക്ഷൻ നടത്തിയാൽ, കാർഡ് ബി-യിൽ ഒരു ചെലവും നടത്തിയില്ലെങ്കിൽ പോലും, ഇരു കാർഡുകളിലും വിനിയോഗക്കാൻ ലഭ്യമായ ക്രെഡിറ്റ് ലിമിറ്റ് രൂ. 10,000 ആയിരിക്കും. ഈ സാഹചര്യത്തിൽ മൊത്തം കസ്റ്റമർ ലിമിറ്റ് കാർഡ് എ-യിൽ 1,00,000 വും, കാർഡ് ബി-യിൽ 1,00,000 വും ആയിരിക്കില്ല.

- കസ്റ്റമറിന് ആക്സിസ് ബാങ്കിന്റ ഒരു കാർഡ് ഉള്ളപ്പോൾ ബാങ്കിന്റെ മറ്റൊരു കാർഡിന് അപേക്ഷിച്ചാൽ ആദ്യത്തെ കാർഡിലെ അതേ ലിമിറ്റാണ് രണ്ടാമത്തെ കാർഡിലും ബാധകം. എന്നാൽ, രണ്ടാമത്തെ കാർഡിന് അപേക്ഷിക്കുന്ന സമയത്ത്, കസ്റ്റമറിന് ഉയർന്ന ലിമിറ്റിന് റിവ്യൂ ചെയ്യുന്നുണ്ടെങ്കിൽ, രണ്ടാമത്തെ കാർഡിലൂടെ അതിന് സമ്മതിച്ചാൽ, പുതുക്കിയ ലിമിറ്റ് നിലവിലെ കാർഡിലും കസ്റ്റമറിന് പുതുതായി ലഭിക്കുന്ന കാർഡിലും ബാധകമായിരിക്കും.

- കസ്റ്റമറിന്റെ കൈവശമുള്ള കാർഡുകളിലെ ക്രെഡിറ്റ് ലിമിറ്റ് യഥാകാലത്ത് റിവ്യൂ ചെയ്യാൻ (കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യുന്നത് ഉൾപ്പെടെ) ആക് സിസ് ബാങ്കിന് അതിന്റെ ഏക വിവേചനാധികാരത്തിൽ അവകാശമുണ്ട്. അത്തരം റിവ്യൂ അടിസ്ഥാനമാക്കി ലിമിറ്റ് കൂട്ടാനുള്ള ഓഫർ (വ്യക്തമായ വാലിഡിറ്റി പിരീഡിൽ) കസ്റ്റമറിന് നൽകും, കസ്റ്റമർ വ്യക്തമായി അനുമതി നൽകിയാൽ , കസ്റ്റമറിന്റെ കൈവശമുള്ള എല്ലാ ക്രെഡിറ്റ് കാർഡിലും ആ വർധന പ്രോസസ് ചെയ്യും, പ്രോസസ് ചെയ്യുന്ന സമയത്ത് അത് റിയൽ-ടൈം പരിശോധനക്ക് വിധേയമാണ്. ക്രെഡിറ്റ് ലിമിറ്റ് വർധന, അതിനുള്ള അഭ്യർത്ഥനയിന്മേൽ നടപടി എടുക്കുന്ന തീയതിയിലെ ക്രെഡിറ്റ് കാർഡ് അക്കൗണ്ടിന്റെ യോഗ്യതക്ക് വിധേയമാണ്, അത് 3 പ്രവൃത്തി ദിവസത്തിനുള്ളിൽ പ്രോസസ് ചെയ്യും.

- ബാങ്ക് ആവശ്യപ്പെടുന്ന ഡോക്യുമെന്റുകൾ സമർപ്പിച്ച് ഉപഭോക്താക്കൾക്ക് നിലവിലെ ക്രെഡിറ്റ് ലിമിറ്റ് റിവ്യൂ ചെയ്യാൻ അഭ്യർത്ഥിക്കാം. ഈ ഡോക്യുമെന്റുകൾ ഷെയർ ചെയ്യുന്നത്, ഉപഭോക്താവിൽ നിന്നോ, ഞങ്ങളുടെ അഫിലിയേറ്റുകളിൽ നിന്നോ, ക്രെഡിറ്റ് ഇൻഫർമേഷൻ കമ്പനികൾ, റെഗുലേറ്റർമാർ അല്ലെങ്കിൽ ഈ വ്യക്തിഗത ഡാറ്റ കൈവശം വച്ചിരിക്കുന്ന സർക്കാർ അധികാരികൾ പോലുള്ള മൂന്നാം കക്ഷികളിൽ നിന്നോ നേരിട്ട് വ്യക്തിഗത ഡാറ്റ ശേഖരിക്കുന്നതിന് ബാങ്കിന് സമ്മതം നൽകുന്നതായി കണക്കാക്കും. അത്തരം അവലോകനവും മെച്ചപ്പെടുത്തലും (ഉണ്ടെങ്കിൽ) ബാങ്കിന്റെ വിവേചനാധികാരത്തിലാണ്. അത്തരം അഭ്യർത്ഥനകൾ 7 പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ പ്രോസസ്സ് ചെയ്യപ്പെടും.

- **ഉപയോഗം സംബന്ധിച്ച RBI മാർഗ്ഗനിർദ്ദേശങ്ങൾ**
  RBI മാഗ്ഗനിർദ്ദേശങ്ങൾ പ്രകാരം, എല്ലാ കാർഡുകളും ഇന്ത്യക്ക് അകത്തുള്ള കോണ്ടാക്ട് ബേസ്ഡ് ഉപയോഗത്തിന് മാത്രമാണ് (ATM, POS അതായത് പോയിന്റ് ഓഫ് സെയിൽസ് ഡിവൈസുകൾ) പ്രാപ്തമാക്കുക. മൊബൈൽ ബാങ്കിംഗ് ആപ്പ്, ഓപ്പൺ, ഇന്റർനെറ്റ് ബാങ്കിംഗ് എന്നിവ വഴി കോൺടാക്റ്റ്ലെസ്, ഇന്റർനാഷണൽ, ഓൺലൈൻ ട്രാൻസാക്ഷനുകൾ സക്രിയമാക്കിയോ നിഷ്ക്രിയമാക്കിയോ അല്ലെങ്കിൽ കസ്റ്റമർ കെയറിൽ

ബന്ധപ്പെട്ടോ, അടുത്തുള്ള ബ്രാഞ്ചി- സന്ദർശിച്ചോ നിങ്ങൾക്ക് എപ്പോൾ വേണമെങ്കിലും കാർഡിലെ ഉപയോഗ മുൻഗണന സെറ്റ് ചെയ്യാനോ മാറ്റാനോ കഴിയും, ട്രാൻസാക്ഷൻ ലിമിറ്റ് മാനേജ് ചെയ്യാനും കഴിയും. നിങ്ങളുടെ കാർഡിന്റെ മുൻഭാഗത്തുള്ള കോണ്ടാക്ട്ലെസ് സിംബൽ സൂചിപ്പിക്കുന്നത് കാർഡ് കോണ്ടാക്ട്ലെസ് സ്വീകാര്യതക്ക് സജ്ജമാണെന്നാണ്. മേൽപ്പറഞ്ഞ ട്രാൻസക്ഷനുകൾക്ക് കാർഡ് പ്ലാസ്റ്റിക്ക് സപ്പോർട്ട് ചെയ്യുന്നില്ലെങ്കിൽ മുൻഗണന/ ലിമിറ്റ് സക്രിയമാക്കാനോ നിഷ്ക്രിയമാക്കാനോ നിങ്ങൾക്ക് കഴിയില്ല, ദയവായി കസ്റ്റമർ കെയറിൽ വിളിക്കുക, അല്ലെങ്കിൽ അഭ്യർത്ഥന നൽകാൻ ബ്രാഞ്ചിൽ ചെല്ലുക.

**B) പലിശ – രഹിത ക്രെഡിറ്റ് പിരീഡ്**

ട്രാൻസാക്ഷൻ തീയതി അനുസരിച്ച് പലിശ രഹിത ക്രെഡിറ്റ് പിരീഡ് 20 മുതൽ 50 ദിവസം വരെയാകാം. മുൻ മാസത്തെ ബില്ലിലെ ബാലൻസ് നിശ്ചിത തീയതിക്കുള്ളിൽ അടച്ചില്ലെങ്കിൽ, നിലവിലെ സ്റ്റേറ്റ്മെന്റിന്റെ പലിശ രഹിത ക്രെഡിറ്റ് കാലയളവ് താൽക്കാലികമായി മരവിപ്പിക്കും.

**ഗ്രേസ് പിരീഡ് കണക്കാക്കുന്നതിന് വിവരണ ഉദാഹരണം:** ജൂൺ 21 മുതൽ ജൂലൈ 21 വരെയുള്ള കാലയളവിലെ സ്റ്റേറ്റ്മെന്റിന് പേമെന്റിനുള്ള കൃത്യ തീയതി ആഗസ്റ്റ് 10 ആയിരിക്കും. മുൻ മാസത്തെ സ്റ്റേറ്റ്മെന്റ് പ്രകാരം അടയ്ക്കേണ്ട മുഴുവൻ തുകയും അടയ്ക്കേണ്ട കൃത്യ തീയതിയിൽ നിങ്ങൾ അടച്ചിട്ടുണ്ടെന്ന് സങ്കൽപ്പിച്ചാൽ, ഗ്രേസ് പിരീഡ്

1. ജൂൺ 24 ലെ പർച്ചേസിന് പലിശ രഹിത ഗ്രേസ് പിരീഡ് 24th ജൂൺ -10th ആഗസ്റ്റ് ആണ്, അതായത് 47 ദിവസം.

2. ജൂലൈ 18 ലെ പർച്ചേസിന് പലിശ രഹിത ഗ്രേസ് പിരീഡ് 18th ജൂലൈ മുതൽ 10th ആഗസ്റ്റ് ആണ്, അതായത് 23 ദിവസം.
   അപ്പോൾ, പർച്ചേസ് തീയതി അനുസരിച്ച് ഗ്രേസ് പിരീഡ് വ്യത്യാസപ്പെടും. എന്നാൽ, മുൻ മാസത്തെ അടയ്ക്കേണ്ട മൊത്തം തുക അടയ്ക്കേണ്ട കൃത്യ തീയതിയിൽ അടച്ചിട്ടില്ലെങ്കിൽ ഫ്രീ ക്രെഡിറ്റ് പിരീഡ് നഷ്ടമാകും, പലിശ രഹിത കാലയളവ് ഉണ്ടായിരിക്കില്ല. ക്യാഷ് അഡ്വാൻസുകൾക്ക് പലിശ ഈടാക്കുക ട്രാൻസാക്ഷൻ തീയതി മുതൽ പേമെന്റ് തീയതി വരെയാണ്.

**C) ബില്ലിംഗും സ്റ്റേറ്റ്മെന്റും**

i. ബില്ലിംഗ് സ്റ്റേറ്റ്മെന്റ് - കാർഡ് അക്കൗണ്ടിൽ 100 രൂപയിൽ കൂടുതൽ ട്രാൻസാക്ഷനോ കുടിശ്ശിക ബാലൻസോ ഉണ്ടെങ്കിൽ, ബാങ്കിറെ റിക്കാർഡ് പ്രകാരം, മാസത്തിലൊരിക്കൽ ബാങ്ക് നിങ്ങളുടെ മെയിലിംഗ് വിലാസത്തിലേക്കോ ഇ-മെയിൽ വിലാസത്തിലേക്കോ സ്റ്റേറ്റ്മെന്റ്/ഇ-സ്റ്റേറ്റ്മെന്റ് അയയ്ക്കും. റ്റ്മെന്റ് ലഭിക്കാത്തത് ഈ എഗ്രിമെന്റിന് കീഴിലുള്ള നിങ്ങളുടെ ബാധ്യതകളെയും കടമകളെയും ബാധിക്കില്ല, പേയ് മെന്റ് അടയ്ക്കേണ്ട തീയതിക്കുള്ളിൽ കാർഡിലെ കുടിശ്ശിക തുക തീർപ്പാക്കാൻ നിങ്ങൾ ബാധ്യസ്ഥമാണ്. ബാങ്കിന്റെ നിലവിലുള്ള ബില്ലിംഗ്

സൈക്കിളുകളിൽ ഒന്നിലേക്ക് സ്റ്റേറ്റ്മെന്റ് ജനറേഷൻ തീയതി അപ്ഡേറ്റ് ചെയ്യുന്നതിന് ആക്സിസ് ഫോൺ ബാങ്കിംഗുമായി ബന്ധപ്പെടാൻ ഉപഭോക്താക്കൾക്ക് വൺ-ടൈം ഓപ്ഷൻ ഉണ്ട്. ആക്സിസ് ബാങ്ക് നൽകുന്ന ബില്ലിംഗ് സൈക്കിൾ തീയതികൾ ബില്ലിംഗ് സൈക്കിൾ തീയതിക്ക് 20 ദിവസം കഴിഞ്ഞ് ശേഷമുള്ള അടയ്ക്കേണ്ട തീയതി മാസത്തിലെ 01, 07, 10, 12, 13, 15, 18, 20, 22, 25 എന്നിവയാണ്, കുടിശ്ശിക അടയ്ക്കുന്നതിന് വിധേയമായിരിക്കും.

ii. മർച്ചന്റ് സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കുന്ന എല്ലാ ഡെബിറ്റുകൾക്കും, വരുന്ന ചാർജ്ജുകൾക്കും ബാങ്ക് കാർഡ് അക്കൗണ്ട് ഡെബിറ്റ് ചെയ്യുന്നതാണ്, കാർഡ് ഉടമ ബാങ്കിലേക്ക് നടത്തുന്ന എല്ലാ പേമെന്റുകളും, കാർഡ് ഉടമക്ക് വരുന്ന പേമെന്റുകളും കാർഡ് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യും. മർച്ചന്റ് സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കുന്ന എല്ലാ ഡെബിറ്റുകൾക്കും, വരുന്ന ചാർജ്ജുകൾക്കും ബാങ്ക് കാർഡ് അക്കൗണ്ട് ഡെബിറ്റ് ചെയ്യുന്നതാണ്, കാർഡ് ഉടമ ബാങ്കിലേക്ക് നടത്തുന്ന എല്ലാ പേമെന്റുകളും, കാർഡ് ഉടമക്ക് വരുന്ന പേമെന്റുകളും കാർഡ് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യും.

iii. കാർഡ് ഉടമയ്ക്ക് ബാങ്ക് ഒരു റിവോൾവിംഗ് ക്രെഡിറ്റ് സൗകര്യം ഓഫർ ചെയ്യാവുന്നതാണ്, സ്റ്റേറ്റ്മെന്റിൽ പറഞ്ഞിട്ടുള്ള മിനിമം കുടിശിക തുക (MAD) അടച്ചാൽ മതിയാകും. കാർഡ് ഉടമയിൽ നിന്നുള്ള മൊത്തം കുടിശിക തുക (TAD) അല്ലെങ്കിൽ MAD കാർഡ് ഉടമ സ്റ്റേറ്റ്മെന്റിൽ പറഞ്ഞിരിക്കുന്ന പേമെന്റ് കൃത്യ തീയതിയിലോഅതിന് മുമ്പോ അടയ്ക്കണം.

iv. അടയ്ക്കേണ്ട കൃത്യ തീയതിയോടെ MAD അടയ്ക്കാതിരുന്നാൽ ആക്സിസ് ബാങ്ക് ക്രെഡിറ്റ് കാർഡ് (താൽക്കാലികമായോ സ്ഥിരമായോ) പിൻവലിക്കുകയോ റദ്ദാക്കുകയോ ചെയ്യാനുള്ള റിസ്ക്ക് നിങ്ങൾ നേരടേണ്ടി വരും. മുടക്കം വരുത്തിയതിന് ഒരു ഫീസ് ഈടാക്കുകയും ചെയ്യും. ബാങ്ക് അതിന്റെ ഏക വിവേചനാധികാരത്തിൽ ആക്സിസ് ബാങ്ക് ക്രെഡിറ്റ് കാർഡ് സ്വീകരിക്കേണ്ടെന്ന് മർച്ചന്റ് സ്ഥാപനത്തിന് നിർദ്ദേശം നൽകും/ അല്ലെങ്കിൽ കാർഡ് അസോസിയേഷൻ സിസ്റ്റത്തിൽ കാർഡ് നമ്പർ ഹോട്ട് ലിസ്റ്റ് ചെയ്തുകൊണ്ട് കാർഡ് പിടിച്ചെടുക്കും.

v. ബില്ലിംഗ് പിരീഡ് വേളയിൽ അടയ്ക്കേണ്ട തീയതിക്ക് മുമ്പ് മിനിമം കുടിശിക തുകയിൽ കൂടുതൽ ഒന്നിലധികം തവണ നിങ്ങൾക്ക് അടയ്ക്കാവുന്നതാണ്, അല്ലെങ്കിൽ കൃത്യ തീയതിക്ക് മുമ്പ് എപ്പോൾ വേണമെങ്കിലും കാർഡ് അക്കൗണ്ടിലെ ബാലൻസ് കുടിശിക അടയ്ക്കാം.

vi. കാർഡിലെ കുടിശിക അടയക്കുന്നത് തുടർന്നുള്ള സ്റ്റേറ്റ്മെന്റുകളിൽ രേഖപ്പെടുത്തുന്നതാണ്. കാർഡ് മെംബറിന്റെ കാർഡ് കുടിശികയിൽ ലഭിക്കുന്ന പേമെന്റുകൾ ഇപ്പറയുന്ന ക്രമത്തിൽ വകകൊള്ളിക്കും:

1. ടാക്സ് ഉൾപ്പെടെ ഫീസും ചാർജ്ജുകളും
2. പലിശ ചാർജ്ജുകൾ
3. ക്യാഷ് അഡ്വാൻസുകൾ
4. EMI
5. പർച്ചേസുകൾ

vii. നിങ്ങൾക്ക് ഇഷ്യു ചെയ്ത പേമെന്റ് നിർദ്ദേശം അതേതുടർന്ന് മാനിച്ചില്ലെങ്കിൽ കാർഡിലെ അവകാശങ്ങൾ നിർത്തിവെയ്ക്കാം / അവസാനിപ്പിയ്ക്കാം, ചാർജ്ജുകളുടെ ഷെഡ്യൂളിൽ പറഞ്ഞിരിക്കുന്നതുപോലെ, ബാങ്കിന്റെ ഏക വിവേചനാധികാരത്തിൽ കാർഡ് അക്കൗണ്ടിൽ ഒരു ഫീസ് ചുമത്തുന്നതാണ്. അത്തരം ഫീസിന്റെ തുക ബാങ്കിന്റെ ഏക വിവേചനാധികാരത്തിൽ മാറ്റത്തിന് വിധേയമായിരിക്കും. ഉചിതമായ നിയമനടപടി കൈക്കൊള്ളാനുള്ള അവകാശവും ബാങ്കിൽ നിക്ഷിപ്തമാണ്.

viii. ബാങ്ക് നിങ്ങൾക്ക് ഡ്യൂപ്ലിക്കേറ്റ് മന്ത്‌ലി അക്കൗണ്ട് സ്റ്റേറ്റ്മെന്റ് നൽകുന്നതാണ്, അതിനുള്ള അഭ്യർത്ഥനക്ക് മുന്നോടിയായി ചാർജ്ജുകളുടെ ഷെഡ്യൂളിൽ പറഞ്ഞിരിക്കുന്നതും, ബാങ്കിന്റെ വിവേചനാധികാരത്തിൽ മാറ്റാവുന്നതുമായ സർവ്വീസ് ചാർജ്ജ് അടയ്ക്കേണ്ടതുണ്ട്.

ix. നിങ്ങളുടെ കമ്യൂണിക്കേഷൻ അഡ്രസിൽ/ ഇ-മെയിൽ അഡ്രസിൽ മാറ്റം വന്നാൽ, സ്റ്റേറ്റ്മെന്റുകൾ മുടങ്ങാതെ, യഥാസമയം കിട്ടുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ, ഉടൻ തന്നെ ബാങ്കിനെ ബന്ധപ്പെട്ട് അത് അപ്ഡേറ്റ് ചെയ്യണം.

x. ബില്ലിംഗ് തർക്കങ്ങൾ - സ്റ്റേറ്റ്മെന്റ് ഇഷ്യു ചെയ്ത് 60 ദിവസത്തിനകം എന്തെങ്കിലും വ്യത്യാസം ഉല്ളതായി കാർഡ് ഉടമ ബാങ്കിനെ അറിയിച്ചില്ലെങ്കിൽ, സ്റ്റേറ്റ്മെന്റിലെ മുഴുവൻ കാര്യങ്ങളും ശരിയാണെന്നും, കാർഡ് ഉടമ അത് അംഗീകരിച്ചെന്നും കണക്കാക്കുന്നതാണ്. ഇനി പ്രസ്തുത വ്യത്യാസങ്ങൾ ന്യായമാണെന്ന് ബാങ്കിന് തോന്നിയാൽ, ബാങ്ക് അതിന് പൂർണ്ണവും അന്തിമവുമായ തൃപ്തിയിൽ തുടർന്നുള്ള അന്വേഷണം പൂർത്തിയാക്കുന്നതു വരെ ചാർജ്ജ് താൽക്കാലികമായി പിൻവലിക്കും. പ്രസ്തുത കാർഡ് ഉടമക്ക് ആ ചാർജ്ജിന്റെ ബാധ്യത വന്നിട്ടുണ്ടെന്നാണ് ബാങ്ക് നടത്തുന്ന പ്രസ്തുത അന്വേഷണം കാണിക്കുന്നതെങ്കിൽ തുടർന്നുള്ള സ്റ്റേറ്റ്മെന്റിൽ ആ ചാർജ്ജ് ഉൾപ്പെടുത്തും, ചാർജ്ജുകളുടെ ഷെഡ്യൂളിൽ വ്യക്തമാക്കിയിട്ടുള്ള ചാർജ്ജുകൾക്ക് അനുസൃതമായി ആ ഫീസ്/ ചാർജ്ജ് ബാങ്ക് ക്ലെയിം ചെയ്യുന്നതാണ്.

xi. EMI സൗകര്യം പ്രയോജനപ്പെടുത്തുമ്പോൾ, ഒറിജിനൽ ട്രാൻസാക്ഷനിൽ ആർജ്ജിച്ച റിവാർഡ് പോയിന്റുകൾ ഉണ്ടെങ്കിൽ റിവേഴ്സ് ചെയ്യുന്നതാണ്. EMI യിൽ കൺവെർട്ട് ചെയ്യുന്ന ക്രെഡിറ്റ് കാർഡ് ട്രാൻസക്ഷനുകൾക്ക് എഡ്ജ് റിവാർഡ് പോയിന്റുകൾ/ എഡ്ജ് മൈൽസ്/ ക്യാഷ്ബാക്ക് എന്നിവയും എല്ലാത്തരം റിവാർഡ് പോയിന്റുകളും ഡെബിറ്റ് ചെയ്യപ്പെടും. EMI റദ്ദാക്കലിന് ക്യാഷ്ബാക്കും ഇൻഡിഗോ ബ്ലൂചിപ്സും ഒറിജിനൽ ട്രാൻസാക്ഷന് തിരികെ ക്രെഡിറ്റ് ചെയ്യും.

**D) ആക്സിസ് ബാങ്ക് റൂപേ ക്രെഡിറ്റ് കാർഡ് UPI യിൽ**

ഈ നിബന്ധനകളും വ്യവസ്ഥകളുമാണ് ഉപയോക്താവും ആക്സിസ്

ബാങ്കും തമ്മിലുള്ള കരാർ ആകുന്നത്, അത് മേൽപ്പറഞ്ഞിട്ടുള്ള ക്രെഡിറ്റ് കാർഡ് MITC പുറമെയാണ്, പകരമല്ല. ഈ സൗകര്യം യോഗ്യതാ മാനദണ്ഡങ്ങൾ നിറവേറ്റുന്ന ഉപയോക്താക്കൾക്ക് മാത്രമാണ് ലഭ്യമാക്കുക, അത് ആക്സിസ് ബാങ്കിന്റെ ഏക വിവേചനാധികാരത്തിലാണ് ലഭ്യമാക്കുക, ഉപയോക്താക്കൾക്ക് മുൻകൂട്ടി അറിയിപ്പ് നൽകിയോ അല്ലാതെയോ എപ്പോൾ വേണമെങ്കിലും ആക്സിസ് ബാങ്കിന് അത് അവസാനിപ്പിക്കാവുന്നതുമാണ്.

**സേവന നിബന്ധനകൾ**

ക്രെഡിറ്റ് കാർഡ് UPI കക്കുള്ള ഈ നിബന്ധന, വ്യവസ്ഥകൾ ആക്സിസ് ബാങ്ക് അതിന്റെ കസ്റ്റമേർസിന് നൽകുന്ന ഏതെങ്കിലും അക്കൗണ്ടിനോ മറ്റ് സൗകര്യത്തിനോ പൊതുവായുള്ള നിബ്ബനകൾക്കും വ്യവസ്ഥകൾക്കും പുറമെ ആയിരിക്കും.

1. ഈ സൗകര്യം നൽകുന്നത് ഉപയോക്താവിന്റെ അഭ്യർത്ഥന പ്രകാരം ആക് സിസ് ബാങ്ക് റൂപേ ക്രെഡിറ്റ് കാർഡിന്റെ അപ്രൂവലിന് വിധേയമായിട്ടാണ്.

2. UPI ആപ്പുമായി ലിങ്ക് ചെയ്യാൻ കസ്റ്റമർ ഉപയോഗിക്കേണ്ടത് ആക്സിസ് ബാങ്ക് റൂപേ ക്രെഡിറ്റ് കാർഡുമായി ലിങ്ക് ചെയ്തിട്ടുള്ള രജിസ്റ്റേർഡ് മൊബൈൽ നമ്പറാണ്.

3. ഉപയോക്താവ് ആക്സിസ് ബാങ്ക് റൂപേ ക്രെഡിറ്റ് കാർഡ് ആക്ടിവേറ്റ് ചെയ്യാൻ 6-അക്ക UPI പിൻ സെറ് ചെയ്ത്, UPI ആപ്പ് വഴിയുള്ള പേമെന്റ് ട്രാൻസാക്ഷനുകൾ ഒതന്റിക്കേറ്റ് ചെയ്യണം. UPI ട്രാൻസാക്ഷനുകൾ ഒതന്റിക്കേറ്റ് ചെയ്യാൻ 4 അക്ക ക്രെഡിറ്റ് കാർഡ് പിൻ പരിഗണിക്കുന്നതല്ല.

4. UPI PIN സെറ്റപ്പ് എല്ലാത്തരം ട്രാൻസാക്ഷനുകളും നടത്താൻ ക്രെഡിറ്റ് കാർഡ് സക്രിയമാക്കുന്നതിനുള്ള കസ്റ്റമറിന്റെ അനുമതിയായി കണക്കാക്കും.

5. ഉപയോക്താക്കൾക്ക് റൂപേ നെറ്റ്വർക്കിൽ അനുവദിച്ചിരിക്കുന്ന P2M ട്രാൻസാക്ഷനുകൾ മാത്രമാണ് നടത്താവുന്നത്.

6. UPI ആപ്പിൽ ഇന്റർനാഷണൽ ട്രാൻസാക്ഷനുകൾ എനേബിൾ ചെയ്തിട്ടുണ്ടെങ്കിൽ CC ഓൺ UPI ട്രാൻസാക്ഷനുകളും അനുവദിക്കും.

7. P2P, P2PM ലെ ട്രാൻസാക്ഷനുകൾ, ഡിജിറ്റൽ അക്കൗണ്ട് ഓപ്പണിംഗ്, ലെൻഡിംഗ് പ്ലാറ്റ്ഫോം, മർച്ചന്റിലെ ക്യാഷ് പിൻവലിക്കൽ ATM ലെ ക്യാഷ് പിൻവലിക്കൽ, ERUPI, IPO, ഫോറിൻ ഇൻവേർഡ് റെമിറ്റൻസ്, മ്യൂച്വൽ ഫണ്ടുകൾ എന്നിവയും, ആക്സിസ് ബാങ്ക്/ RBI നിയന്ത്രിച്ചിട്ടുള്ള മറ്റ് കാറ്റഗറികളും അനുവദനീയമല്ല.

8. ആക്സിസ് ബാങ്ക് കസ്റ്റമറിന് നൽകിയിരിക്കുന്ന ക്രെഡിറ്റ് കാർഡ് ലിമിറ്റിൽ കൂടിയതിനും, നിലവിലെ UPI ട്രാൻസാക്ഷനും ബാധകമായിക്കും.

9. ക്രെഡിറ്റ് കാർഡ് ട്രാൻസാക്ഷനുകൾക്ക് ബാധകമായ ഫീസ്, ഫൈനാൻസ് ചാർജ്ജുകൾ, സർച്ചാർജ്ജുകൾ, അഥവാ മാർക്ക്-അപ്പ് എന്നിവ CC ഓൺ UPI ട്രാൻസാക്ഷനുകൾക്കും ബാധകമായിരിക്കും

10. CC ഓൺ UPI ട്രാൻസാക്ഷനുകളിൽ നിന്ന് ക്യാഷ് പിൻവലിക്കൽ അനുവദിക്കില്ല.

11. CC ഓൺ UPI യിൽ നടത്തുന്ന ഏതൊരു ട്രാൻസാക്ഷനും നിങ്ങളുടെ നിലവിലെ ക്രെഡിറ്റ് കാർഡ് ലിമിറ്റിൽ നിന്ന് കിഴിക്കുന്നതാണ്.

12. ട്രാൻസാക്ഷൻ പൂർത്തിയാക്കിയ ആക്സിസ് ബാങ്ക് അഥവാ UPI ആപ്പിൽ കണക്ട് ചെയ്ത് ചാർജ്ജ് ബാക്ക് അല്ലെങ്കിൽ റീഫണ്ട് ഉന്നയിക്കാം.

13. ഇന്ധന സർച്ചാർജ്ജ് ചുമത്തിയാൽ, തിരഞ്ഞെടുത്ത ആക്സിസ് ബാങ്ക് റൂപേ ക്രെഡിറ്റ് കാർഡിന്റെ നിലവിലെ നിബന്ധനകളും വ്യവസ്ഥകളും അനുസരിച്ച് അത് ഇളവ് ചെയ്യുന്നതാണ്.

14. ഈ സൗകര്യം ഫണ്ട് സ്വീകരിക്കാൻ ഡിഫോൾട്ട് ഓപ്ഷനായി ആക്സിസ് ബാങ്ക് റൂപേ ക്രെഡിറ്റ് കാർഡ് സ്വീകരിക്കുന്നതല്ല.

15. ആക്സിസ് ബാങ്ക് റൂപേ ക്രെഡിറ്റ് കാർഡ് പുതുക്കുന്ന സാഹചര്യത്തിൽ, ഉപയോക്താവ് അപ്ഡേറ്റ് ചെയ്ത ക്രെഡിറ്റ് കാർഡ് വിശദാംശങ്ങൾ സഹിതം UPI ആപ്പിൽ റീ-രജിസ്റ്റർ ചെയ്യണം.

16. ഡിവൈസ് മാറ്റിയാൽ, ഉപയോക്താവ് അതേ സിം ഉപയോഗിച്ച് ക്രെഡിറ്റ് കാർഡ് ഓൺ UPI ആപ്പിന് റീ-രജിസ്റ്റർ ചെയ്യണം. മുൻപുണ്ടായിരുന്ന ഡിവൈസിൽ ഇൻസ്റ്റോൾ ചെയ്ത ആപ്ലിക്കേഷൻ ഡീ-രജിസ്റ്റർ ചെയ്യുന്നതാണ്.

17. MCC 6513 മുഖേന ഐഡന്റിഫൈ ചെയ്യുന്ന ഓരോ റെന്റ് പേമെന്റിനും CC ഓൺ UPI ട്രാൻസാക്ഷൻ തുകയിന്മേൽ 1% റെന്റ് സർച്ചാർജ്ജ് ഫീസ് ചുമത്തുന്നതാണ്.

**E) ക്രെഡിറ്റ് കാർഡ് ഉപയോഗം**

- ക്രെഡിറ്റ് കാർഡ് ഇഷ്യു ചെയ്യുന്നത് വ്യക്തിപരമായ ചെലവുകൾക്കും ഉദ്ദേശ്യങ്ങൾക്കും മാത്രമായാണ്. സാമ്പത്തിക നേട്ടം ഉണ്ടാക്കാനുള്ള വാണിജ്യ, ബിസിനസ് ഉദ്ദേശ്യങ്ങൾക്ക്, എന്തെങ്കിലും റീസെയിൽ പർച്ചേസിന് കാർഡ് ഉടമ ക്രെഡിറ്റ് കാർഡ് ഉപയോഗിക്കാൻ പാടില്ല. നിയമപരമായ, സദുദ്ദേശപരമായ വ്യക്തിഗത ഉദ്ദേശ്യങ്ങൾക്ക് മാത്രമാണ് ക്രെഡിറ്റ് കാർഡ് ഉപയോഗിക്കേണ്ടത്, കള്ളപ്പണം വെളുപ്പിക്കൽ, സാമൂഹ്യവിരുദ്ധ, ഊഹക്കച്ചവട പ്രവർത്തനങ്ങൾ എന്നിവക്കായി ഉപയോഗിക്കാൻ പാടില്ല, ബിസിനസിൽ വാണിജ്യപരമായി ചൂഷണം (ഉദാ. വർക്കിംഗ് ക്യാപ്പിറ്റൽ ഉദ്ദേശ്യത്തിന്) ചെയ്യാൻ പാടില്ല.

- ജോയിനിംഗ്/ ആനുവൽ ഫീസ്, ഫോറെക്സ് മാർക്കപ്പ്, GST/VAT, DCC, ഇന്ധന സർച്ചാർജ്ജ്, ലേറ്റ് പേമെന്റ് ഫീസ്,ഡെബിറ്റ പലിശ, റെന്റ് സർചാർജ്ജ് ഫീസ്, ചെക്ക് ബൗൺസ് ഫീസ് എന്നിവ ഒഴികെയുള്ള എല്ലാ ചെലവഴിക്കലും മൈൽസ്റ്റോൺ ചെലവഴിക്കലായാണ് പരിഗണിക്കുക.

- കാർഡ് അംഗങ്ങൾക്ക് അവരുടെ ക്രെഡിറ്റ് കാർഡിലേക്ക് അധിക പേമെന്റ് നടത്താനോ, ഉയർന്ന മൂല്യമുള്ള ട്രാൻസാക്ഷനുകൾ നടത്തുന്നതിനായി അനുവദിച്ച ക്രെഡിറ്റ് പരിധി കൃത്രിമമായി വർദ്ധിപ്പിക്കാനോ അനുവാദമില്ല. ആവശ്യമെങ്കിൽ ക്രെഡിറ്റ് ലിമിറ്റ് വർദ്ധിപ്പിക്കുന്നതിനായി കാർഡ് അംഗങ്ങൾക്ക് ബാങ്കിനെ സമീപിക്കാവുന്നതാണ്.

- RBI നിബന്ധന പ്രകാരം നിയന്ത്രിത MCC യിൽ ട്രാൻസാക്ഷൻ നിരീക്ഷിക്കപ്പെട്ടാൽ ക്രെഡിറ്റ് കാർഡ് ബ്ലോക്ക് ചെയ്യാൻ ബാങ്കിന് അവകാശമുണ്ട്.

- ബാങ്കിന്റെ റഗുലേറ്ററി മാർഗ്ഗനിർദ്ദേശങ്ങൾ, നിബന്ധന, വ്യവസ്ഥകൾ, നയങ്ങൾ എന്നിവ അനുസരിച്ചാണ് ക്രെഡിറ്റ് കാർഡ് ഉപയോഗിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ ഒരു സ്റ്റേറ്റ്മെന്റ് സൈക്കിളിൽ അനുവദിച്ച പരിധിക്കപ്പുറം അമിതമായ ക്രെഡിറ്റ് ലിമിറ്റ് ഉപയോഗിച്ചിട്ടുണ്ടോ, തിരഞ്ഞെടുത്ത ഏതാനും മർച്ചന്റുകളിൽ അസാധാരണമോ അമിതമോ ആയ ഉപയോഗം ഉണ്ടോ, മറ്റൊരു ക്രെഡിറ്റ് കാർഡ് / ലോൺ റീപേമെന്റ്, സേവിംഗ്സ് അക്കൗണ്ടിലേക്ക് ഫണ്ട് ട്രാൻസ് ഫർ ചെയ്യുന്നുണ്ടോ, മർച്ചന്റുമായി ഒത്തുകളിച്ച് /അല്ലെങ്കിൽ നോൺ-പേഴ്സണൽ/ബിസിനസ് സംബന്ധമായ ആവശ്യങ്ങൾക്കായുള്ള ഉപയോഗവും ഉണ്ടോ, അനർഹമായ റിവാർഡ് പോയിന്റുകൾ/ ക്യാഷ്ബാക്ക്/മറ്റ് നേട്ടങ്ങൾ എന്നിവ ആർജ്ജിക്കാനായി ഫീച്ചറുകളുടെ/ ഓഫറുകളുടെ/ പ്രോഗ്രാമുകളുടെ അമിത ഉപയോഗം/ ദുരുപയോഗം മുതലായവ കണ്ടെത്താൻ ക്രെഡിറ്റ് കാർഡ് ഉപയോഗത്തിൽ ഇടയ്ക്കിടെ പരിശോധന നടത്താൻ ബാങ്കിന് അവകാശം ഉണ്ടായിരിക്കും. അത്തരമൊരു സാഹചര്യത്തിൽ, കാർഡ് ഉടമയ്ക്ക് യാതൊരു അറിയിപ്പും നൽകാതെ തന്നെ, ആക്സിസ് ബാങ്കിന്, സ്വന്തം വിവേചനാധികാരത്തിൽ, ബന്ധപ്പെട്ട ക്രെഡിറ്റ് കാർഡും അതിന്റെ അധീഷണൽ/ആഡ്-ഓൺ കാർഡുകളും റദ്ദാക്കാനും കസ്റ്റമറിന്റെ ഭാഗത്ത് നേടിയ ക്യാഷ്ബാക്ക്/റിവാർഡ് പോയിന്റുകൾ തടഞ്ഞുവയ്ക്കാനും/റദ്ദാക്കാനും അതിന്റെ അവകാശം വിനിയോഗിക്കാവുന്നതാണ്. ആക്സിസ് ബാങ്ക് ഫോണിലൂടെയോ മറ്റേതെങ്കിലും ഔപചാരിക കമ്യൂണിക്കേഷൻ മാർഗങ്ങളിലൂടെയോ നിങ്ങളെ ബന്ധപ്പെടുകയും, ക്രെഡിറ്റ് കാർഡ് ട്രാൻസാക്ഷനുകൾ, ഉപയോഗ രീതി മുതലായവയെക്കുറിച്ചുള്ള വിശദാംശങ്ങൾ, വിവരങ്ങൾ, തെളിവുകൾ മുതലായവ ആവശ്യപ്പെടുകയും ചെയ്യാവുന്നതാണ്. കാർഡ് ഉടമയിൽ നിന്ന് തൃപ്തികരമായ പ്രതികരണങ്ങൾ ലഭിക്കാതിരിക്കുകയോ പ്രതികരണമൊന്നും നൽകാതിരിക്കുകയോ ചെയ്താൽ ആക്സിസ് ബാങ്ക് ക്രെഡിറ്റ് കാർഡ് ബ്ലോക്ക് ചെയ്യുന്ന/ക്ലോസ് ചെയ്യുന്ന നടപടി സ്വീകരിച്ചേക്കാം.

- ഒരു കാർഡ് ഉടമയുടെ ആക്സിസ് ബാങ്ക് ക്രെഡിറ്റ് കാർഡ് ഏതെങ്കിലും കാരണത്താൽ, പ്രൈമറി കാർഡ് ഉടമയോ ബാങ്കോ ടെർമിനേറ്റ് ചെയ്താൽ, പ്രൈമറി കാർഡ് ഉടമയെ റിവാർഡുകൾ/ക്യാഷ്ബാക്ക് നേടുന്നതിൽ നിന്ന് ഉടൻ തന്നെ അയോഗ്യനാക്കും, ആക്സിസ് ബാങ്ക് ക്രെഡിറ്റ് കാർഡ് സ്വമേധയാലോ അല്ലാതെയോ റദ്ദാക്കിയാൽ ഉടൻതന്നെ, ആർജ്ജിച്ച റിവാർഡ്/ ക്യാഷ്ബാക്ക് ഓട്ടോമാറ്റിക്കലായി റദ്ദാക്കപ്പെടും

- നിബന്ധനകളും വ്യവസ്ഥകളും ലംഘിച്ചതിന് ബാങ്ക് ആക്സിസ് ബാങ്ക് ക്രെഡിറ്റ് കാർഡ് അവസാനിപ്പിച്ച സന്ദർഭങ്ങളിൽ ഒരു കാർഡ് ഉടമയ്ക്ക് NOC നൽകാൻ കഴിയില്ല.

- പ്രസക്തമായ തീയതിയിൽ കാർഡ് പിൻവലിക്കുകയോ റദ്ദാക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ അല്ലെങ്കിൽ റദ്ദാക്കാൻ സാധ്യതയുള്ളതാണെങ്കിൽ അല്ലെങ്കിൽ കാർഡ് മെംബറുടെ അക്കൗണ്ട് വീഴ്ച്ച വരുത്തിയ അക്കൗണ്ടാണെങ്കിൽ, റിവാർഡ് പോയിന്റുകൾ ആർജ്ജിക്കലോ കൺവെർഷൻ വഴി റിഡംപ്ഷൻ ചെയ്യുന്നതോ അനുവദനീയമല്ല.

- മുൻകൂർ നോട്ടീസ് നൽകാതെ, അല്ലെങ്കിൽ കാരണമൊന്നും വ്യക്തമാക്കാതെ, ബാങ്കിന് എപ്പോൾ വേണമെങ്കിലും ഒരു മർച്ചന്റ് എസ്റ്റാബ്ലിഷ്മെന്റിൽ ചാർജിനുള്ള ഓതറൈസേഷൻ നിരസിക്കാൻ/ അല്ലെങ്കിൽ കാർഡ് ഉപയോഗിക്കാനുള്ള കാർഡ് മെംബറിന്റെ ശേഷി നിയന്ത്രിക്കാനോ മാറ്റിവയ്ക്കാനോ/അല്ലെങ്കിൽ കാർഡ് നിർത്തിവെക്കാനോ റദ്ദാക്കാനോ കഴിയുന്നതാണ്. ക്രെഡിറ്റ് അല്ലെങ്കിൽ ബിസിനസ് റിസ്ക്ക് ശരിയായി കൈകാര്യം ചെയ്യുന്നതിന് അനിവാര്യമാണെന്ന് ന്യായമായും കരുതുന്നുണ്ടെങ്കിൽ, അല്ലെങ്കിൽ കാർഡ് അല്ലെങ്കിൽ കാർഡ് അക്കൗണ്ട് ദുരുപയോഗം ചെയ്യപ്പെടുന്നുണ്ടെങ്കിൽ അല്ലെങ്കിൽ ദുരുപയോഗം ചെയ്യപ്പെടാൻ സാധ്യതയുണ്ടെങ്കിൽ, ATM, മർച്ചന്റ് എസ്റ്റാബ്ലിഷ്മെന്റ് എന്നിവയിലൂടെ ബാങ്ക് ക്രെഡിറ്റ് കാർഡ് റീപൊസെസ് ചെയ്യുകയോ / നിലനിർത്തുകയോ ചെയ്യാവുന്നതാണ്.

- നിങ്ങളോട് യാതൊരു വിധത്തിലുള്ള ബാധ്യതയും ഇല്ലാതെ, ബാങ്കിന് സ്വന്തം വിവേചനാധികാരത്തിൽ കാർഡ് സസ്പെൻഡ് ചെയ്യാനോ/ പിൻവലിക്കാനോ കഴിയും. കാർഡും ഈ കാർഡ് മെംബർ എഗ്രിമെന്റും അവസാനിപ്പിക്കുന്നത്, അതുമായി ബന്ധപ്പെട്ട പ്രത്യേകാവകാശങ്ങൾ, ആനുകൂല്യങ്ങൾ, സൗകര്യങ്ങൾ എന്നിവ സ്വയമേവ അവസാനിക്കാൻ ഇടയാക്കുന്നതാണ്.

- കാർഡ് എംബോസ്സിംഗിനുള്ള പരമാവധി നീളം 19 ക്യാരക്ടറാണ്. എംബോസ്സിംഗ് പേര് ഈ പരിധി കവിഞ്ഞാൽ കാർഡ് പ്രോസസ് ചെയ്യില്ല.

- ബാങ്കിന് എപ്പോൾ വേണമെങ്കിലും അതിന്റെ വിവേചനാധികാരത്തിൽ, 30 ദിവസത്തെ മുൻകൂർ അറിയിപ്പ് നൽകി, ക്രെഡിറ്റ് കാർഡിലെ ഫീച്ചറുകളും ആനുകൂല്യങ്ങളും മാറ്റാവുന്നതാണ്.

- കാർഡ് ഇഷ്യു ചെയ്ത തീയതി മുതൽ 30 ദിവസത്തിനകം കാർഡ് ഉടമ അത് ആക്ടിവേറ്റ് ചെയ്യണം, അതല്ലെങ്കിൽ അടുത്ത 7 ദിവസത്തിനകം കാർഡ് സ്ഥിരമായി ഡീആക്ടിവേറ്റ് ചെയ്യപ്പെടും.

- ക്രെഡിറ്റ് കാർഡ് ഒരു വർഷത്തിൽ കൂടുതൽ കാലയളവിൽ ഉപയോഗിക്കാതിരുന്നാൽ, കാർഡ് ഉടമയെ അറിയിച്ച ശേഷം കാർഡ് ക്ലോസ് ചെയ്യാനുള്ള പ്രോസസ് ബാങ്ക് എടുക്കുന്നതാണ്. കാർഡ് ഉടമയിൽ നിന്ന് 30 ദിവസത്തെ കാലയളവിനുള്ളിൽ മറുപടി ലഭിച്ചില്ലെങ്കിൽ, കാർഡ് ഉടമ അടയ്ക്കാനുള്ള മുഴുവൻ കുടിശികയും അടച്ചുതീർത്തതിന് വിധേയമായി കാർഡ് അക്കൗണ്ട് ക്ലോസ് ചെയ്യും.

- ഒരു കാർഡ് ഉടമയ്ക്ക് ആക്സിസ് ബാങ്ക് ക്രെഡിറ്റ് കാർഡിനുള്ള വെൽക്കം ബെനഫിറ്റ് ഒരു തവണ മാത്രമാണ് ലഭിക്കുക. കാർഡ് റദ്ദാക്കിയാൽ, അതേ കാർഡ് വേരിയന്റ് തുടർന്ന് റീ-ഓപ്പണിംഗ് ചെയ്താൽ, വെൽക്കം ആനുകൂല്യം ബാധകമാകില്ല.

- വാർഷിക ഫീസ് ചുമത്തിയ ശേഷം ഏതെങ്കിലും ട്രാൻസാക്ഷനായി (EMI ട്രാൻസാക്ഷൻ ഉൾപ്പെടെ) കാർഡ് ഉടമ കാർഡ് വിനിയോഗിച്ചാൽ, കാർഡ് ഉടമ കാർഡ് റദ്ദാക്കാൻ തീരുമാനം എടുത്താലും വാർഷിക ഫീസ് റിവേഴ്സലിനുള്ള കാർഡ് ഉടമയുടെ അഭ്യർത്ഥന അംഗീകരിക്കുന്നതല്ല.

- മൾട്ടിപ്പിൾ ക്രെഡിറ്റ് കാർഡ് അപേക്ഷകൾ വിവിധ ക്രെഡിറ്റ് അന്വേഷണങ്ങളിലേക്ക് നയിക്കാം, ഇത് ക്രെഡിറ്റ് സ്കോറുകളെ ബാധിച്ചെന്നു വരും.

  2025 ഒക്ടോബർ 1 മുതൽ പ്രാബല്യത്തിൽ, ഉപഭോക്താവിന്റെ ക്രെഡിറ്റ് കാർഡ് ക്ലോസ് ചെയ്ത് 30 ദിവസത്തിന് ശേഷമോ അല്ലെങ്കിൽ ഉപഭോക്താവിന്റെ ക്രെഡിറ്റ് കാർഡിൽ അടയ്ക്കേണ്ട മിനിമം തുക 90 ദിവസത്തിൽ കൂടുതൽ അടയ്ക്കാതെ തുടർന്നാൽ, റിഡീം ചെയ്യാത്ത **എഡ്ജ് റിവാർഡ്** പോയിന്റുകൾ/ മൈലുകൾ ബാങ്ക് പിടിക്കും.

**F) ടേണറൗണ്ട് ടൈം (TAT) ക്ലിയർ ചെയ്തുള്ള പേമെന്റ് രീതി**

കസ്റ്റമർ നടത്തുന്ന യഥാർത്ഥ പേമെന്റ്, മർച്ചന്റിൽ നിന്ന് ലഭിക്കുന്ന റിവേഴ്സൽ/ റീഫണ്ട് എന്നിവയാണ് പേമെന്റായി കണക്കാക്കുക.

ക്രെഡിറ്റ് കാർഡിലെ അമിത ക്രെഡിറ്റ് ബാലൻസ് മൊത്തം കുടിശ്ശിക തുകയേക്കാൾ കൂടുതലാണെങ്കിൽ, ക്രെഡിറ്റ് കാർഡ് കൃത്യ തീയതി വരെ വിനിയോഗിക്കുന്നില്ലെങ്കിൽ, അത് ബാങ്കുമായി ലിങ്ക് ചെയ്തിട്ടുള്ള അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുമെന്ന കാര്യം ദയവായി ശ്രദ്ധിക്കുക.

കാർഡ് അക്കൗണ്ടിലേക്കുള്ള പേമെന്റുകൾ താഴെപ്പറയുന്ന രീതികളിലാണ് നടത്തുക:

1. **ക്യാഷ്*:** കാർഡ് പേമെന്റിനായി കാർഡ് ഉടമയ്ക്ക് ആക്സിസ് ബബ്രാഞ്ചിന്റെ ഏത ഏത് ബ്രാഞ്ചുകളിലും ക്യാഷ് ഡിപ്പോസിറ്റ് ചെയ്യാം. അങ്ങനെ ബ്രാഞ്ചുകളിൽ നടത്തുന്ന പേമെനറുകൾക്ക് ഒരു ട്രാൻസാക്ഷന് 175 രൂപ തോതിൽ ഫീസ് ഉണ്ടാകും.

   ക്യാഷ് പേമെന്റ് ക്ലിയറൻസിനുള്ള TAT – അതേ ദിവസം.

2. **ചെക്ക്/ഡ്രാഫ്റ്റ്*:** Draw a cheque or draft favouring "Axis ബാങ്ക് ക്രെഡിറ്റ് കാർഡ് നം. XXXXXXXXXXXXXXX" MINC യുടെ കളക്ഷൻ ബോക്സ്/ SKYFIN ബോക്സുൾ / ആക്സിസ് ബാങ്ക് ബ്രാഞ്ചുകളിലെ ഓവർ ദി കൗണ്ടർ എന്നിവിടങ്ങളിൽ ഡ്രോപ്പ് ചെയ്യാം. പ്രത്യേക നഗരങ്ങളിൽ അല്ലാതുള്ള നഗരങ്ങളിൽ (ബാങ്ക് അതാത് കാലത്ത് തീരുമാനിക്കുന്ന അത്തരം പ്രത്യേക നഗരങ്ങളുടെ ലിസ്റ്റ് അഭ്യർത്ഥിച്ചാൽ കിട്ടുന്നതാണ്) മാറാവുന്ന ഔട്ട്സ്റ്റേഷൻ ചെക്കുകൾ/ ഡ്രാഫ്റ്റുകൾ അതായത് ചെക്കുകൾ/ ഡ്രാഫ്റ്റുകൾ എന്നിവക്ക് പ്രസസിംഗ് ഫീസ് ഉണ്ടായിരിക്കും.
   ആക്സിസ് ബാങ്ക് ചെക്കിന്റെ ക്ലിയറൻസിനുള്ള TAT - 1 പ്രവൃത്തി ദിവസം. മറ്റൊരു ബാങ്കിന്റെ ചെക്കിനുള്ള ക്ലിയറൻസിനുള്ള TAT - റിയലൈസേഷൻ അടിസ്ഥാനമാക്കി 3 - പ്രവൃത്തി ദിവസം (ഔട്ട്സ്റ്റേഷൻ ചെക്ക് ക്ലിയറൻസിന് അധിക ദിവസം ആവശ്യമാണ്. ദയവായി ബാങ്കിൽ അന്വേഷിക്കുക).

   *ക്രെഡിറ്റ് കാർഡ് പേമെന്റിന്റെ കൃത്യ തീയതി 2nd, 4th ശനിയാഴ്ച്ചയോ ഞായറാഴ്ച്ചയോ ആണെങ്കിൽ, ചെക്ക്/ ക്യാഷ് പേമെന്റിന് ബ്രാഞ്ചുകൾ അവധി ആയിരിക്കും.

3. **ലിങ്ക്ഡ് ആക്സിസ് ബാങ്ക് സേവിംഗ്സ് അക്കൗണ്ടിലൂടെ ഇന്റർനെറ്റ് പേമെന്റ്:** കാർഡ് ഉടമയ്ക്ക് ആക്സിസ് ബാങ്ക് വെബ്ബ്സൈറ്റിലൂടെ ഓൺലൈൻ പേമെന്റ് ചെയ്യാം. www.axis.bank.in ലോഗിൻ ചെയ്യുക. ക്ലിയറൻസിനുള്ള TAT – 1 പ്രവൃത്തി ദിവസം.

4. **ഓട്ടോ-ഡെബിറ്റ്:** കാർഡ് ഉടമയ്ക്ക് സേവിംഗ്സ് അക്കൗണ്ടിൽ നിന്ന് നേരിട്ട് പേ ചെയ്യാം, അക്കൗണ്ടിൽ നിന്ന് ഓരോ മാസവും കൃത്യ തീയതിയിൽ പേമെന്റ് ഡെബിറ്റ് ചെയ്യാൻ രേഖാമൂലം നിർദ്ദേശം നൽകണം. പേമെന്റ് കൃത്യ തീയതി വരുന്നത് ഞായറാഴ്ച്ചയാണെങ്കിൽ അക്കൗണ്ടിൽ നിന്ന് തുക അടുത്ത പ്രവൃത്തി ദിവസമാണ് ഡെബിറ്റ് ചെയ്യുക. ക്ലിയറൻസിനുള്ള TAT – 1 പ്രവർത്തി ദിവസം.

5. **ക്ലിക്ക് ടു പേ / NEFT / VMT:** ക്ലിക്ക് ടു പേ/ NEFT / VMT ഉപയോഗിച്ച് നിങ്ങളുടെ മര്റ് ബാങ്കിലെ സേവിംഗ്സ് അക്കൗണ്ടുകളിൽ നിന്ന് ആക്സി ബാങ്ക് ക്രെഡിറ്റ് കാർഡ് കുടിശികകൾ അടയ്ക്കാം.
   ക്ലിക്ക് ടു പേ ക്ലിയറൻസിനുള്ള TAT - 3 പ്രവൃത്തി ദിവസം.
   NEFT ക്ലിയറൻസിനുള്ള TAT - 1 പ്രവൃത്തി ദിവസം.
   VMT ക്ലിയറൻസിനുള്ള TAT - 2 പ്രവൃത്തി ദിവസം.

6. **ATM ലൂടെ പേമെന്റ്:** ആക്സിസ് ബാങ്കിന്റെ ATM ൽ നിങ്ങളുടെ ആക്സിസ് ബാങ്ക് ഡെബിറ്റ് കാർഡിലൂടെ നിങ്ങളുടെ ആക്സിസ് ബാങ്ക് ക്രെഡിറ്റ്

കാർഡ് കുടിശിക അടയ്ക്കാം. ക്ലിയറൻസിനുള്ള TAT – 1 പ്രവൃത്തി ദിവസം.

7. **IMPS ക്രെഡിറ്റ് കാർഡ് പേമെന്റ്:** IMPS ൽ, കാർഡ് ഉടമകൾക്ക് ആക്സിസ് ബാങ്ക് ക്രെഡിറ്റ് കാർഡിലേക്ക് മറ്റേതൊരു ബാങ്കിന്റെയും മൊബൈൽ ആപ്ലിക്കേഷൻ വഴി തത്സമയം പേമെന്റ് നടത്താം. പേമെന്റുകൾക്കായി നിങ്ങളുടെ മൊബൈൽ ആപ്ലിക്കേഷനിൽ വിവിധ ആക്സിസ് ബാങ്ക് ക്രെഡിറ്റ് കാർഡുകൾ രജിസ്റ്റർ ചെയ്യാം. ഈ സൗകര്യത്തിലൂടെ ഏതൊരാൾക്കും (സഹപ്രവർത്തകർ / സുഹൃത്തുക്കൾ / ജീവിതപങ്കാളി) ഏതൊരാളുടെയും ക്രെഡിറ്റ് കാർഡിലേക്ക് പേമെന്റ് നടത്താം.

ക്ലിയറൻസിനുള്ള TAT – അതേ ദിവസം

8. **3rd പാർട്ടി ചാനലുകൾ വഴി പേമെന്റ്:** തങ്ങളുടെ ക്രെഡിറ്റ് കാർഡ് കുടിശികകൾ മേൽപ്പറഞ്ഞ രീതികളിൽ അടയ്ക്കാനാണ് ആക്സിസ് ബാങ്ക് ക്രെഡിറ്റ് കാർഡ് ഉടമകളോട് ശുപാർശ ചെയ്യുന്നത്. ആക്സിസ് ബാങ്കിൽ അഫിലിയേറ്റ് ചെയ്യാത്ത 3rd പാർട്ടി ആപ്പുകൾ ഉൾപ്പെടെ മറ്റ് ചാനലുകൾ വഴി നടത്തുന്ന ക്രെഡിറ്റ് കാർഡ് പേമെന്റുകൾക്ക് ക്ലിയറൻസിനുള്ള TAT കൂടുതൽ വേണ്ടിവരും. ആക്സിസ് ബാങ്കിന് കൃത്യ തീയതിയിൽ തുക ലഭിച്ചില്ലെങ്കിൽ, കാർഡ് വേരിയന്റിന് ബാധകമാകുന്ന പിഴ നിരക്ക് ബാധകമാകുന്നതാണ്. അഫിലിയേറ്റ് ചെയ്യാത്ത ചാനലുകളിലൂടെ പേമെന്റുകൾ വൈകിയാൽ/ കാർഡിൽ കാണിക്കാതിരുന്നാൽ ഉളവാകുന്ന സംശയങ്ങൾക്ക്, കസ്റ്റമറിന് നേരിട്ട് അതാത് ചാനലുകളിൽ ബന്ധപ്പെടാവുന്നതാണ്.

9. **നോൺ-റസിഡന്റ് ക്രെഡിറ്റ് കാർഡ് ഉടമകൾക്കുള്ള പേമെന്റ്:** ബാങ്ക് അതിന്റെ നോൺ-റസിഡന്റ് ക്രെഡിറ്റ് കാർഡ് ഉടമകൾക്ക് ഇന്റർനാഷണൽ ക്രെഡിറ്റ് കാർഡ് സൗകര്യം നൽകുന്നുണ്ട്, ആക്സിസ് ബാങ്ക് NRE അക്കൗണ്ട് ഉപയോഗിച്ച് അത്തരം ക്രെഡിറ്റ് കാർഡിൽ പേമെന്റ് നടത്താൻ അനുവദിക്കും. അത്തരം നോൺ-റസിഡന്റ് ക്രെഡിറ്റ് കാർഡ് ഉടമകൾക്ക് ആക്സിസ് ബാങ്ക് NRE അക്കൗണ്ടിൽ നിന്ന് ഓട്ടോ ഡെബിറ്റ് നിർബന്ധമായിരിക്കും. ആക്സിസ് ബാങ്കിന്റെ NRO അക്കൗണ്ടിൽ നിന്നാണ് പേമെന്റ് നടത്തേണ്ടതെങ്കിൽ, ഓരോ തവണയും NRO അക്കൗണ്ടിൽ നിന്ന് പേമെന്റ് നടത്തേണ്ടപ്പോൾ, ഫോം 15 CA/CB യും, NRO ബാങ്ക് അക്കൗണ്ട് ചെക്കും ഉൾപ്പെടെ ഏതാനും സെറ്റ് ഡോക്യുമെന്റുകൾ ആവശ്യമാണ്. ആവശ്യമായ ഡോക്യുമെന്റുകൾ സമർപ്പിക്കാതെ ഒരു നോൺ-NRE സ്രോതസ്സിൽ നിന്ന് പേമെന്റ് നടത്തിയാൽ, ബാങ്കിന് നോൺ-NRE സ്രോതസ്സ് സ്ഥാപിക്കാൻ കഴിഞ്ഞാൽ, അല്ലെങ്കിൽ അത് നോൺ-NRE സ്രോതസ്സിൽ നിന്നാണെന്ന് കരുതാൻ തക്ക കാരണമുണ്ടെങ്കിൽ, ആ ഡോക്യുമെന്റുകൾ ബാങ്കിന് ലഭിക്കുന്നതു വരെ കാർഡിന്റെ അന്താരാഷ്ട്ര ഉപയോഗം ഡീആക്ടിവേറ്റ് ചെയ്യാനുള്ള അവകാശം ബാങ്കിൽ നിക്ഷിപ്തമാണ്. ആ ഡോക്യുമെന്റുകൾ നിശ്ചിത സമയത്തിനുള്ളിൽ ലഭിച്ചില്ലെങ്കിൽ, 'മാസ്റ്റർ ഡയറക്ഷൻ- കോമ്പൗണ്ടിംഗ് ഓഫ് കോൺട്രാവെൻഷൻസ് അണ്ടർ FEMA, 1999' (FED മാസ്റ്റർ ഡയറക്ഷൻ നം.4/2015-16 തീയതി ജനുവരി 01, 2016, അപ്ഡേറ്റ് ചെയ്തത് ജനുവരി 04, 2021) ൽ വരുന്ന കോമ്പൗണ്ടിംഗിന് ഫയൽ ചെയ്യാൻ കസ്റ്റമറിനോട് ബാങ്ക് ആവശ്യപ്പെടും. കോമ്പൗണ്ടിംഗിനെക്കുറിച്ച് കൂടുതൽ അറിയാൻ ഈ ലിങ്കിൽ നിങ്ങൾക്ക് സന്ദർശിക്കാം. https://m.rbi.org.in/SCRIPTs/FAQView.aspx?Id=80

10.കാർഡ് അക്കൗണ്ടിൽ കസ്റ്റമർ നടത്താത്ത പേമെന്റുകൾ/ മർച്ചന്റ് റീഫണ്ടുകൾ ക്രെഡിറ്റായാൽ, അത്തരം ക്രെഡിറ്റുകൾ മിനിമം കുടിശിക തുക വകകൊള്ളിക്കാൻ പരിഗണിക്കില്ല. അതുകൊണ്ട്, മിനമം കുടിശിക തുകക്ക് തുല്യമോ, അതിൽ കൂടുതലോ അടയ്ക്കാൻ ഉദ്ദേശിക്കുന്നെങ്കിൽ, പേമെന്റിന് അത്തരം ക്രെഡിറ്റ് എടുക്കാതിരിക്കണമെന്ന് കസ്റ്റമർമാരോട് അഭ്യർത്ഥിക്കുന്നു. അത്തരം ക്രെഡിറ്റുകളിൽ ക്യാഷ്ബാക്ക്, സർവ്വീസ് റിവേഴ്സൽ മുതലായവ ഉൾപ്പെടും.

എന്നാൽ അത്തരം ക്രെഡിറ്റുകൾ തുടർന്നുള്ള മാസങ്ങളിലെ കുടിശിക അടയ്ക്കാൻ പരിഗണിക്കും. അത്തരം സന്ദർഭങ്ങളിൽ മിനിമം കുടിശിക തുക അടയ്ക്കാതിരുന്നാൽ അത് ഫീസും ചാർജ്ജുകളും ചുമത്തുന്നതിന് ഇടയാക്കും.

**11.NACH മാൻഡേറ്റ് മുഖേനയുള്ള പേയ്മെന്റ്:** അടയ്ക്കേണ്ട കൃത്യ തീയതിക്ക് 1 ദിവസം മുമ്പ് NACH മാൻഡേറ്റ് നടപ്പിലാക്കും.

## G) കാർഡ് മെംബർഷിപ്പ് / സറണ്ടർ / റദ്ദാക്കൽ

മുൻകൂർ അറിയിപ്പ് നൽകിയോ അല്ലാതെയോ കാർഡ് ഉടമയ്ക്ക് എപ്പോൾ വേണമെങ്കിലും കാർഡ് അക്കൗണ്ട് ടെർമിനേറ്റ്/സറണ്ടർ ചെയ്യാവുന്നതാണ്. ദുരുപയോഗം ഒഴിവാക്കാൻ, ഹോളോഗ്രാമും മാഗ്നറ്റിക് സ്ട്രിപ്പും സ്ഥിരമായി നശിപ്പിക്കുന്നുവെന്ന് ഉറപ്പാക്കാൻ ക്രെഡിറ്റ് കാർഡ് നാല് കഷണങ്ങളായി മുറിക്കുന്നതാണ് നല്ലത്. കാർഡ് ഉടമയ്ക്ക് എപ്പോൾ വേണമെങ്കിലും കസ്റ്റമർ സർവീസ് ഇ-മെയിൽ ഐഡിയിലേക്ക് പൂർണ്ണമായ കാർഡ് നമ്പർ നൽകിയോ, കസ്റ്റമർ കെയറിൽ വിളിച്ചോ കാർഡ് മെംബർഷിപ്പ് അവസാനിപ്പിക്കാം ("കോൺടാക്റ്റ് ചാനലുകൾ" സെക്ഷൻ കാണുക). പ്രസ്തുത കാർഡ് അക്കൗണ്ടുമായി ബന്ധപ്പെട്ട് കുടിശ്ശിക വന്നതും, അടയ്ക്കാൻ ശേഷിക്കുന്നതുമായ മുഴുവൻ തുകയും ആക് സിസ് ബാങ്കിന് ലഭിക്കുമ്പോൾ മാത്രമാണ് ടെർമിനേഷൻ പ്രാബല്യത്തിൽ വരിക. ഒരു ക്രെഡിറ്റ് കാർഡ് പ്രോഗ്രാം ക്ലോഷർ ചെയ്യുന്ന സാഹചര്യത്തിലോ, ക്രെഡിറ്റ് കാർഡ് പുതുക്കുന്ന സമയത്തോ, കാർഡ് ഉടമയുടെ കൈവശമുള്ള നിലവിലെ കാർഡ് ടൈപ്പിൽ നിന്ന് വ്യത്യസ്തമായ ഒരു കാർഡ് ടൈപ്പ് നൽകാനുള്ള അവകാശം ആക്സിസ് ബാങ്കിൽ നിക്ഷിപ്തമാണ്. ഏത് സമയത്തും ഏത് ക്രെഡിറ്റ് കാർഡിലെയും ക്രെഡിറ്റ് ലിമിറ്റും ക്യാഷ് ലിമിറ്റും ആക്സിസ് ബാങ്കിന്റെ വിവേചനാധികാരം അനുസരിച്ചാണ്. ക്ലോഷർ ചെയ്യുന്ന / പുതുക്കുന്ന സമയത്ത് നൽകുന്ന ഏതൊരു റീപ്ലേസ്മെന്റ് കാർഡിനും കാർഡ് ആപ്ലിക്കേഷൻ സാധുത തുടരും.

കാർഡ് അക്കൗണ്ട് ക്ലോസ് ചെയ്താലും, കാർഡിലെ കുടിശിക മുഴുവൻ അടച്ച് തീർക്കുന്നതു വരെ ഫൈനാൻസ് ചാർജ്ജുകൾ ബാധകമായി തുടരും.
കസ്റ്റമർ തങ്ങളുടെ ക്രെഡിറ്റ് കാർഡ് റദ്ദാക്കാൻ ബാങ്കിൽ ബന്ധപ്പെട്ടാൽ, ലൈൻ ഡിസ്ക്കണക്ട് ചെയ്യും, തുടർന്ന് ഉപയോഗിക്കാൻ കഴിയാതാകും, ക്രെഡിറ്റ് കാർഡ് തൽക്കാലത്തേക്ക് ബ്ലോക്ക് ചെയ്യും.

മാത്രമല്ല, ബാങ്ക് അടുത്ത നാല് പ്രവൃത്തി ദിവസത്തിനുള്ളിൽ കസ്റ്റമറെ ബന്ധപ്പെടാൻ ശ്രമിക്കും. കസ്റ്റമറിനെ ബന്ധപ്പെടാൻ കഴിയുന്നില്ലെങ്കിൽ, ബാങ്കിനെ ബന്ധപ്പെടുന്നില്ലെങ്കിൽ, അവരുടെ ക്രെഡിറ്റ് കാർഡ് കാൻസലേഷനായി പ്രോസസ് ചെയ്യും. ക്രെഡിറ്റ് കാർഡിൽ കുടിശിക കാണുന്നുണ്ടെങ്കിൽ അടുത്ത സ്റ്റേറ്റ്മെന്റ് സൈക്കിളിൽ അത് പ്രതിഫലിക്കും. കുടിശിക തീർപ്പാക്കിയാൽ കാർഡ് സ്ഥിരമായി റദ്ദാക്കും.

ഒരു വർഷത്തിലധികം ക്രെഡിറ്റ് കാർഡ് ഉപയോഗിക്കാതിരുന്നാൽ, ആ ക്രെഡിറ്റ് കാർഡ് ക്ലോസ് ചെയ്യാനുള്ള പ്രോസസ് ബാങ്ക് സ്വീകരിക്കും. അത്തരം സാഹചര്യങ്ങളിൽ, ബാങ്ക് കസ്റ്റമറിനെ അക്കാര്യം അറിയിക്കും, അറിയിപ്പിൽ നൽകിയിരിക്കുന്ന സമയപരിധിക്കുള്ളിൽ മറുപടി ലഭിച്ചില്ലെങ്കിൽ, കാർഡ് ഉടമ മുഴുവൻ കുടിശ്ശികകളും അടച്ചു തീർക്കുന്നതിന് വിധേയമായി കാർഡ് അക്കൗണ്ട് (ആഡ്ഓൺ കാർഡുകൾ ഉണ്ടെങ്കിൽ അവ ഉൾപ്പെടെ) ബാങ്ക് ക്ലോസ് ചെയ്യും.

കാർഡ് ഉടമയ്ക്ക് നെഗറ്റീവ് എഡ്ജ് റിവാർഡ് പോയിന്റുകൾ/മൈൽസ് ബാലൻസ് ഉണ്ടെങ്കിൽ, അത്തരം നെഗറ്റീവ് റിവാർഡ് പോയിന്റുകളുടെ/ മൈലുകളുടെ തുല്യമായ മൂല്യം ബാങ്കിന്റെ വിവേചനാധികാരം അനുസരിച്ച് സ്റ്റേറ്റ്മെന്റ് ഡെബിറ്റായി കൺവെർട്ട് ചെയ്യാവുന്നതാണ്, മറ്റ് കുടിശ്ശികകൾക്കൊപ്പം കാർഡ് ഉടമ അത് അടയ്ക്കണം.

കാർഡ് അക്കൗണ്ടിലെ കുടിശ്ശികയുള്ള മുഴുവൻ തുകയും അടച്ചാൽ ടെർമിനേഷൻ പ്രാബല്യത്തിൽ വരും. വാർഷിക, ജോയിനിംഗ് അല്ലെങ്കിൽ പുതുക്കൽ ഫീസുകൾ പ്രോ-റാറ്റ അടിസ്ഥാനത്തിൽ റീഫണ്ട് ചെയ്യില്ല.

ഉദാഹരണം - 1000 നെഗറ്റീവ് റിവാർഡ് പോയിന്റ് ബാലൻസ് 200 രൂപയുടെ സ്റ്റേറ്റ്മെന്റ് ഡെബിറ്റായി കൺവെർട്ട് ചെയ്യും, അതായത് ഒരു റിവാർഡ് പോയിന്റിന് 1000 നെഗറ്റീവ് റിവാർഡ് പോയിന്റുകൾ X 0.20 രൂപ. അതുപോലെ -1000 എഡ്ജ് മൈലുകളുടെ നെഗറ്റീവ് മൈൽ ബാലൻസ് 1000 രൂപയുടെ സ്റ്റേറ്റ്മെന്റ് ഡെബിറ്റായി കൺവെർട്ട് ചെയ്യും (വ്യത്യസ്ത കാർഡ് വേരിയന്റുകൾക്ക് ഈ കൺവെർഷൻ വാല്യു വ്യത്യാസപ്പെടാം). ഈ തുക കാർഡ് ഉടമയുടെ അക്കൗണ്ടിലേക്ക് ഈടാക്കും, മാത്രമല്ല, മറ്റ് ഏതെങ്കിലും കുടിശ്ശികകൾക്കൊപ്പം കാർഡ് ഉടമ അത് നൽകേണ്ടതുണ്ട്. ഏതെങ്കിലും കാരണത്താൽ പ്രൈമറി കാർഡ് ടെർമിനേറ്റ് ചെയ്താൽ, ഒരു അഡീഷണൽ കാർഡിന്റെ സൗകര്യം ടെർമിനേറ്റ് ചെയ്യപ്പെടും.

കസ്റ്റമറിന്റെ കൈവശമുള്ള കാർഡിന് കാർഡ് റീപ്ലേസ്മെന്റ്/പുതുക്കൽ എന്നിവയുടെ കാരയം ഒഴികെ, ബാങ്ക് ഒരു കസ്റ്റമറിന് അഭ്യർത്ഥന നടത്താതെ ക്രെഡിറ്റ് കാർഡ് അയയ്ക്കില്ല. കസ്റ്റമറിന്റെ അഭ്യർത്ഥനപ്രകാരം കാർഡ് ബ്ലോക്ക് ചെയ്താൽ, ബ്ലോക്ക് ചെയ്ത കാർഡിന് പകരം, കസ്റ്റമറിന്റെ വ്യക്തമായ സമ്മതത്തോടെ റീപ്ലേസ്മെന്റ് കാർഡ് നൽകും. മാത്രമല്ല, കാർഡ് പുതുക്കാൻ താൽപ്പര്യമില്ലെങ്കിൽ കാർഡ് റദ്ദാക്കാൻ ക്ലയന്റിനെ ബന്ധപ്പെടാനുള്ള ചോയിസ് കസ്റ്റമറിന് ഉണ്ടായിരിക്കും.

കാർഡ് കാൻസലേഷൻ കാർഡ് ഉടമയ്ക്ക് ലഭിച്ച EMI/ILCC-കൾ ഫോർക്ലോഷർ ചെയ്യുന്നതിനും ഇടയാക്കും, GST ഉൾപ്പെടെയുള്ള ബാധകമായ ഫോർക്ലോഷർ ചാർജുകൾ ചുമത്തുന്നതാണ്.

ക്രെഡിറ്റ് കാർഡ് പുതുക്കലിനുള്ള നിബന്ധന, വ്യവസ്ഥകൾക്ക് ദയവായി സന്ദർശിക്കുക - https://www.axis.bank.in/ncmitc

കാർഡ് കാൻസലേഷൻ കാർഡ് ഉടമ എടുത്ത EMI/ ഇൻസ്റ്റന്റ് ലോണുകൾ ഫോർക്ലോഷർ ചെയ്യുന്നതിനും ഇടയാക്കും, GST ഉൾപ്പെടെയുള്ള ബാധകമായ ഫോർക്ലോഷർ ചാർജുകൾ ചുമത്തുന്നതാണ്.

## H) കാർഡ് നഷ്ടപ്പെടൽ / മോഷണം / ദുരുപയോഗം

കാർഡ് നഷ്ടപ്പെട്ടാൽ, മോഷ്ടിക്കപ്പെട്ടാൽ, മറ്റാരെങ്കിലും നിങ്ങളുടെ പിൻ നമ്പറോ മറ്റ് സുരക്ഷാ വിവരങ്ങളോ അറിഞ്ഞാൽ, അല്ലെങ്കിൽ നിങ്ങളുടെ അനുവാദമില്ലാതെ അത് ഉപയോഗിക്കുന്നുണ്ടെങ്കിൽ, ഉടൻ തന്നെ ഫോണിൽ ബാങ്കിനെ അറിയിക്കേണ്ടതാണ്. ("കോൺടാക്റ്റ് ചാനലുകൾ" സെക്ഷൻ കാണുക).

ലോസ്റ്റ് കാർഡ് ഓപ്ഷൻ 1800 209 5577 (ടോൾ-ഫ്രീ) 1800 103 5577 (ടോൾ-ഫ്രീ) എന്നീ നമ്പറുകളിൽ ഓപ്ഷൻ - 0 ആയി നൽകിയിരിക്കുന്നു. ഇന്ത്യയ്ക്ക് പുറത്തുനിന്നുള്ള ആഭ്യന്തര ഉപഭോക്താക്കൾക്ക് ബാങ്കിലേക്ക് വിളിക്കുന്ന 022 6798 7700 എന്ന നമ്പറിൽ ഞങ്ങളെ വിളിക്കാം.

അടുത്തുള്ള പോലീസ് സ്റ്റേഷനിൽ ഉടൻ തന്നെ ഒരു പോലീസ് പരാതി / പ്രഥമ വിവര റിപ്പോർട്ട് (FIR) സമർപ്പിക്കണം, അതിന്റെ ഒരു കോപ്പി ബാങ്കിൽ സമർപ്പിക്കുകയും വേണം. ദുരുപയോഗം നടന്നാൽ, നയ നിബന്ധനകളും വ്യവസ്ഥകളും പാലിക്കുന്നതിന് വിധേയമായി, നഷ്ടപ്പെട്ട കാർഡ് ബാധ്യതയിൽ ഉൾപ്പെടുന്ന തുകയിൽ ബാങ്കിന്റെ ബാധ്യത ഒതുങ്ങുന്നതാണ്. ATM അഥവാ PIN/ പാസ്‌വേർഡ്/ OTP/ mPIN/CVV അടിസ്ഥാന ട്രാൻസാക്ഷനുകളുടെ കാര്യത്തിൽ കാർഡുകളുടെ ദുരുപയോഗത്തിന്റെ ബാധ്യത കാർഡ് ഉടമയ്ക്ക് മാത്രമായിരിക്കും.

## I) പിൻ സുരക്ഷ സംബന്ധിച്ച ആശയവിനിമയം

കാർഡിന്റെ ഉപയോഗത്തിന് കാർഡ് ഉടമയ്ക്ക് നൽകുന്ന പേഴ്സണൽ ഐഡന്റിഫിക്കേഷൻ നമ്പർ (PIN), അല്ലെങ്കിൽ PIN ആയി കാർഡ ഉടമ തീരുമാനിക്കുന്ന നമ്പർ കാർഡ് ഉടമ മാത്രമാണ് അറിഞ്ഞിരിക്കേണ്ടത്. ഇത് കാർഡ് ഉടമയുടെ വ്യക്തിപരമായ ഉപയോഗത്തിനുള്ളതാണ്, അത് ട്രാൻസ് ഫർ ചെയ്യാൻ കഴിയാത്തതാണ്, കർശനമായി രഹസ്യാത്മകവുമാണ്. PIN നമ്പർ എഴുതി വെക്കുന്നുണ്ടെങ്കിൽ, ഒരു തേർഡ് പാർട്ടിക്ക് ഉപയോഗിക്കാൻ കഴിയുന്ന തരത്തിലുള്ള രൂപത്തിലോ, സ്ഥലത്തോ, രീതിയിലോ സൂക്ഷിക്കാൻ പാടില്ല. യാതൊരു സാഹചര്യത്തിലും,

സ്വമേധയായോ അല്ലാതെയോ ഏതെങ്കിലും തേർഡ് പാർട്ടിക്ക്, ബാങ്ക് ജീവനക്കാർക്കോ വ്യാപാര സ്ഥാപനങ്ങൾക്കോ പിൻ നമ്പർ വെളിപ്പെടുത്താൻ പാടില്ല. കാർഡ് ഉടമയ്ക്ക് അല്ലാതെ മറ്റാർക്കും കാർഡ് ഉടമയുടെ പിൻ നമ്പർ നൽകാതിരിക്കാൻ ബാങ്ക് ജാഗ്രത പാലിക്കും.

**കാർഡ് ഉടമകൾക്ക് ഇൻഷുറൻസ് പരിരക്ഷ**

കാർഡ് വേരിയന്റിന്റെ തരം അനുസരിച്ച് താഴെപ്പറയുന്ന ഇൻഷുറൻസ് പരിരക്ഷ ബാധകമായിരിക്കും. ബാധകമായ ഇൻഷുറൻസ് പരിരക്ഷയക്കുറിച്ച് മനസ്സിലാക്കാൻ ദയവായി വെൽക്കം ബുക്ക്ലെറ്റ് കാണുക.

എയർ ആക്സിഡന്റ് പരിരക്ഷ: സംഭവത്തിന് തൊട്ടുമുമ്പുള്ള 90 ദിവസത്തിൽ ആക്സിസ് ബാങ്ക് ക്രെഡിറ്റ് കാർഡ് ഒരു മർച്ചന്റ് സ്ഥാപനത്തിലോ, ക്യാഷ് പിൻവലിക്കാൻ ATM ലോ ഉപയോഗിക്കുകയും, എയർ ടിക്കറ്റ് ആക്സിസ് ബാങ്ക് ക്രെഡിറ്റ് കാർഡ് ഉപയോഗിച്ച് എടുക്കുകയും ചെയ്താൽ മാത്രമാണ് വിമാന അപകടം സാധുതയുള്ളതാകുക. ആക്സിസ് ബാങ്കിലുള്ള കുടിശികകൾ മുഴുവൻ അടച്ചു തീർത്തിട്ടില്ലെങ്കിൽ എയർ ആക്സിഡന്റ് ഇൻഷുറൻസ് പോളിസിക്ക് കീഴിൽ കാർഡ് ഉടമയുടെ നോമിനിക്ക് യാതൊരു തുകക്കും അവകാശം ഉണ്ടായിരിക്കില്ല. കുടിശക തുക വരവ് വെക്കാൻ ഇൻഷുറൻസ് തുകയുടെ കാര്യത്തിൽ പ്രഥമ ചാർജ്ജ്/ ലിയൻ ആക്സിസ് ബാങ്കിനായിരിക്കും.

**കുറിപ്പ്: എയർ ആക്സിഡന്റ് പരിരക്ഷ 2022 ഒക്ടോബർ 31 മുതൽ നിർത്തിവെച്ചിരിക്കുകയാണ്.**

സീറോ ലോസ്റ്റ് കാർഡ് ലയബിലിറ്റി: പർച്ചേസ് ട്രാൻസാക്ഷനുകളിലെ തട്ടിപ്പിനെതിരെ സംരക്ഷണം ലഭിക്കുന്നതാണ്, കാർഡ് നഷ്ടപ്പെട്ട കാര്യം കാർഡ് ഉടമ ആക്സിസ് ബാങ്കിൽ റിപ്പോർട്ട് ചെയ്യുന്ന നിമിഷത്തിന് മുമ്പുള്ള 30 ദിവസത്തെ റിപ്പോർട്ടിംഗ് കാലയളവാണ് കണക്കാക്കുക. വഞ്ചനാപരമായ പേമെന്റ് ട്രാൻസാക്ഷനുകൾക്ക് മാത്രമാണ് ഈ പരിരക്ഷ ലഭിക്കുക, അതിന് നിർബന്ധമായും FIR ന്റെ പിൻബലം ഉണ്ടായിരിക്കണം. ATM, PIN/പാസ്‌വേർഡ്/OTP/mPIN/CVV അടിസ്ഥാനമാക്കിയുള്ള ട്രാൻസാക്ഷനുകൾക്ക് ഈ ഇൻഷുറൻസ് പരിരക്ഷ ലഭിക്കില്ല.

**പർച്ചേസ് സംരക്ഷണം:** ക്രെഡിറ്റ് കാർഡ് ഉപയോഗിച്ച് പർച്ചേസ് നടത്തി 90 ദിവസത്തിനുള്ളിൽ ഉണ്ടാകുന്ന തീപിടുത്തം അല്ലെങ്കിൽ മോഷണം എന്നിവയിൽ നിന്നുള്ള സംരക്ഷണത്തിന് നിർബന്ധമായും FIR ന്റെ പിൻബലം ഉണ്ടായിരിക്കണം. കസ്റ്റമറിന്റെ ഭാഗത്തുണ്ടായ കടുത്ത അശ്രദ്ധയാണ് നഷ്ടപ്പെടാൻ ഇടയാക്കിയതെങ്കിൽ പരിരക്ഷ ലഭിക്കില്ല. ആഭരണങ്ങളും, പെട്ടെന്ന് നശിക്കുന്ന മറ്റ് വസ്തുക്കളും ഇതിന്റെ പരിധിയിൽ വരില്ല.

**വിലയുടെ സംരക്ഷണം:** ഒരു ഐറ്റത്തിന് ആക്സിസ് ബാങ്ക് ക്രെഡിറ്റ് കാർഡ് ഉപയോഗിച്ച് അടച്ച വിലയും അതേ ഇനത്തിന് (അതേ ബ്രാൻഡ്, നിർമ്മാതാവ്, മോഡൽ പേര് /അല്ലെങ്കിൽ നമ്പർ) പരസ്യപ്പെടുത്തിയ കുറഞ്ഞ വിലയും തമ്മിലുള്ള അന്തരത്തിന് ഈ പരിരക്ഷ റീഇംബേഴ്സ്മെന്റ് നൽകുന്നതാണ്. 2500 രൂപയിൽ കൂടുതൽ ഒറിജിനൽ പർച്ചേസ് വിലയുള്ള ഏതൊരു ഐറ്റത്തിനും ആമസോൺ, ഫ്ലിപ്കാർട്ട് അല്ലെങ്കിൽ പ്രശസ്തമായ ഓൺലൈൻ പർച്ചേസ് സൈറ്റുകളിൽ മാത്രമാണ് പരിരക്ഷ ബാധകം. കുറഞ്ഞ വില അതേ ഇ-കൊമേഴ്സ് കമ്പനിയിൽ ആയിരിക്കണം, പ്രിന്റ് ചെയ്ത പരസ്യം പർച്ചേസിന്റെ 3 ദിവസത്തിനുള്ളിൽ പ്രസിദ്ധീകരിച്ചിരിക്കണം, ക്ലെയിം അറിയിപ്പ് പ്രിന്റഡ് പരസ്യത്തിന്റെ 7 ദിവസത്തിനുള്ളിൽ ആയിരിക്കണം. (ഈ ഫീച്ചറിൽ ഉൾപ്പെടുന്ന ഐറ്റങ്ങൾക്ക് ബാങ്കുമായി ബന്ധപ്പെടുക)

**ക്രെഡിറ്റ് ഷീൽഡ്:** അപകടമരണം സംഭവിക്കുന്ന സാഹചര്യത്തിൽ കാർഡിലെ ഒരു നിശ്ചിത തുക വരെയുള്ള കുടിശ്ശികയ്ക്ക് പരിരക്ഷ ലഭിക്കും.

**ചെക്ക് -ഇൻ ബാഗേജിലെ കാലതാമസം:** വിദേശ യാത്രയിൽ ബാഗേജ് 6 മണിക്കൂറിൽ കൂടുതൽ വൈകിയാൽ അടിസ്ഥാന ആവശ്യങ്ങൾക്ക് അനിവാര്യമായ ഐറ്റങ്ങളുടെ ചെലവ് റീഇംബേഴ്സ് ചെയ്യുന്നതാണ്. ആക് സിസ് ബാങ്ക് ക്രെഡിറ്റ് കാർഡ് കൊണ്ട് പർച്ചേസ് ചെയ്യുന്ന ഫ്ലൈറ്റ് ടിക്കറ്റിന് മാത്രമാണ് സാധുത. ചെക്ക് ഇൻ ബാഗേജ് എന്നാൽ ഇൻഷ്വേർഡ് കൈമാറിയതും, ഇന്ത്യയ്ക്ക് പുറത്തുള്ള ഒരു ഇന്റർനാഷണൽ എയർലൈൻസ് / കാരിയർ ഇൻഷ്വേർഡ് വ്യക്തി സഞ്ചരിക്കുന്ന അതേ കൺവേയൻസ് മോഡിൽ ട്രാൻസ്പോർട്ടേഷനായി സ്വീകരിക്കുകയും, കാരിയർ ബാഗേജ് രസീത് നൽകുകയും ചെയ്ത ബാഗേജാണ്.

**ചെക്ക്-ഇൻ ബാഗേജ് നഷ്ടപ്പെടൽ:** വിദേശ യാത്രയ്ക്കിടെ ബാഗേജ് നഷ്ടപ്പെടുകയോ ബാഗേജിന് കോട്ടം സംഭവിക്കുകയോ ചെയ്താൽ പരിരക്ഷ ലഭിക്കും. ആക്സിസ് ബാങ്ക് ക്രെഡിറ്റ് കാർഡ് ഉപയോഗിച്ച് എടുത്ത ഫ്ലൈറ്റ് ടിക്കറ്റിന് മാത്രമാണ് സാധുത. ഇൻഷ്വേർഡ് വ്യക്തി യാത്ര ചെയ്യുന്ന അതേ കൺവേയൻസ് മോഡിൽ ഇന്ത്യയ്ക്ക് പുറത്തുള്ള ഒരു ഇന്റർനാഷണൽ എയർലൈൻസ് / കാരിയർ ട്രൻസ്പോർട്ടേഷനായി സ്വീകരിക്കുന്നതും കാരിയർ ബാഗേജ് രസീത് നൽകിയതുമായ ബാഗേജാണ് ചെക്ക്-ഇൻ ബാഗേജ്.

**ട്രാവൽ ഡോക്യുമെന്റുകൾ നഷ്ടപ്പെടൽ:** വിദേശത്ത് യാത്ര ചെയ്യുമ്പോൾ നഷ്ടപ്പെട്ട പാസ്പോർട്ടിനും / മറ്റ് യാത്രാ രേഖകൾക്കുമുള്ള അപേക്ഷാ ഫീസ് ഉൾപ്പെടെ, പാസ്പോർട്ട് എടുക്കുന്നതിനായി ഉണ്ടായ ചെലവുകൾ പരിരക്ഷിക്കുന്നു. ആക്സിസ് ബാങ്ക് ക്രെഡിറ്റ് കാർഡ് ഉപയോഗിച്ച് വാങ്ങിയ വിമാന ടിക്കറ്റിന് മാത്രമാ് സാധുത.

**K) മുടക്കം**

1) മുടക്കം വരുന്ന സാഹചര്യത്തിൽ, അതായത് അടയ്ക്കേണ്ട കൃത്യ തീയതിക്കുള്ളിൽ മിനിമം കുടിശിക തുക അടച്ചില്ലെങ്കിൽ അല്ലെങ്കിൽ കാർഡ് മെംബർ എഗ്രിമെന്റിന്റെ ഏതെങ്കിലും വ്യവസ്ഥ ലംഘിച്ചാൽ, കാർഡ് ഉടമയ്ക്ക് അതാത് സമയത്ത് തപാൽ, ഫാക്സ്, ഫോൺ, ഇ-മെയിൽ, SMS മെസ്സേജിംഗ് എന്നിവയിലൂടെ / അല്ലെങ്കിൽ കുടിശ്ശിക പിരിക്കാൻ നിയോഗിച്ച തേർഡ് പാർട്ടികൾ മുഖേന റിമൈൻഡറുകൾ അയയ്ക്കുന്നതാണ്. അങ്ങനെ നിയമിക്കപ്പെടുന്ന തേർഡ് പാർട്ടി ഇന്ത്യൻ ബാങ്ക്സ് അസോസിയേഷൻ (IBA) ഡെറ്റ് കളക്ഷൻ കോഡ് പാലിക്കേണ്ടതാണ്.

2) കസ്റ്റമേർസിന് പേമെന്റ് കൃത്യ തീയതി മുതൽ 3 ദിവസത്തെ ഗ്രേസ് പിരീഡ് ലഭിക്കുന്നതാണ്, അപ്പോൾ ഓവർഡ്യൂ ഉണ്ടാകില്ല. പേമെന്റിന്റെ പ്രോസസിംഗ് സമയം കണക്കിലെടുത്താണ് ഈ സൗകര്യം നൽകുന്നത്. എന്നാൽ, ക്രെഡിറ്റ് കാർഡ് സ്റ്റേറ്റ്മെന്റിൽ പറഞ്ഞിട്ടുള്ള കൃത്യ തീയതിയിൽ കസ്റ്റമർ അടയ്ക്കേണ്ട ഈ തുക അടയ്ക്കണം.

3) തുടർച്ചയായി മൂന്നോ കൂടുതലോ മാസങ്ങൾ ഉപഭോക്താവ് തിരിച്ചടവിൽ മുടക്കം വരുത്തിയാൽ, അല്ലെങ്കിൽ ഒത്തുതീർപ്പ് കേസുകളിൽ, മുഴുവൻ കുടിശ്ശികയും തീരുന്നതുവരെ ബിൽ ചെയ്ത സ്റ്റേറ്റ്മെന്റ് കുടിശ്ശികകൾക്ക് പുറമേ ഫിനാൻസ് ചാർജുകളും ബാധകമായ നികുതികളും ഈടാക്കും. കൃത്യമായ കുടിശ്ശിക തുകയുടെ വിശദാംശങ്ങൾക്ക്, ദയവായി ബാങ്കുമായി ബന്ധപ്പെടുക.

4) ഒരു ക്രെഡിറ്റ് കാർഡ് അക്കൗണ്ട് 'പാസ്റ്റ് ഡ്യൂ' ആയി 3 ദിവസം തുടർന്നാൽ, ബാങ്ക് അക്കാര്യം ക്രെഡിറ്റ് ഇൻഫർമേഷൻ കമ്പനികൾക്ക് (CIC-കൾ) ബാങ്ക് റിപ്പോർട്ട് ചെയ്യുകയും, ലേറ്റ് പേമെന്റ് ചാർജുകൾ ഈടാക്കുകയും ചെയ്യുന്നതാണ്. 'പാസ്റ്റ് ഡ്യൂ ദിവസങ്ങൾ'-ടെ എണ്ണവും ലേറ്റ് പേമെന്റ് ചാർജ്ജും കണക്കാക്കുക ക്രെഡിറ്റ് കാർഡ് സ്റ്റേറ്റ്മെന്റിൽ പറഞ്ഞിരിക്കുന്ന പേമെന്റ് കൃത്യ തീയതി മുതൽ ആയിരിക്കും.

5) കാർഡ് ഉടമ വീഴ്ച്ച വരുത്തുന്ന സന്ദർഭം ഉളവാക്കിയാൽ, ബാങ്കിന് അതിന്റെ ഏക വിവേചനാധികാരത്തിൽ, ഇപ്പറയുന്നവക്ക് അവകാശം ഉണ്ടായിരിക്കും:

a. കാർഡ് ഉടമക്കുള്ള ക്രെഡിറ്റ് കാർഡ് സൗകര്യങ്ങൾ എല്ലാം പിൻവലിക്കുക
b. കാർഡിലെ കുടിശിക ബാലൻസ് മുഴുവനും ഉടനെ അടയ്ക്കാൻ ആവശ്യപ്പെടുക.
c. കാർഡ് ഉടമയുടെ പേരിൽ ബാങ്കിൽ നിലവിലുള്ള പണം/ ഡിപ്പോസിറ്റ്/ അക്കൗണ്ടുകൾ എന്നിവ ലിയൻ ചെയ്ത് കുടിശ്ശിക തുക തീർപ്പാക്കാനുള്ള ബാങ്കിന്റെ അവകാശം വിനിയോഗിക്കുക.

6) മുടക്കം വരുന്ന സാഹചര്യത്തിൽ, നിയമം അംഗീകരിക്കുന്ന പ്രകാരം ബാങ്ക് ക്രെഡിറ്റ് ഇൻഫർമേഷൻ ബ്യൂറോകൾക്ക്, അല്ലെങ്കിൽ അത്തരം മറ്റ്

ഏജൻസികൾക്ക് ഡിഫോൾട്ട് റിപ്പോർട്ട് ഫോർവേർഡ് ചെയ്യും. പേമെന്റ് കൃത്യ തീയതിക്കും ബില്ലിംഗ് സ്റ്റേറ്റ്മെന്റിലെ ബില്ലിംഗ് തീയതിക്കും ഇടയിലുള്ള കാലയളവാണ് ഒരു കാർഡ് ഉടമയെ ഡിഫോൾട്ടറായി റിപ്പോർട്ട് ചെയ്യാനുള്ള നോട്ടീസ് പിരീഡായി കണക്കാക്കുന്നത്.

7) കുടിശിക തീർപ്പാക്കിയ ശേഷം ഡിഫോൾട്ട് റിപ്പോർട്ട് പിൻവലിക്കുന്ന നടപടിക്രമവും, ഡിഫോൾട്ട് റിപ്പോർട്ട് പിൻവലിക്കുന്ന കാലയളവും.

*CIBIL നിർദേശിക്കുന്ന ഫോർമാറ്റിൽ കാർഡ് ഉടമയുടെ ഡാറ്റ CIBIL – ക്രെഡിറ്റ് ഇൻഫർമേഷൻ ബ്യൂറോ (ഇന്ത്യ) ക്ക് ബാങ്ക് രണ്ട് തവണ (സൈക്കിൾ തീയതി റിപ്പോർട്ടിംഗും, മാസാവസാന റിപ്പോർട്ടിംഗും) സമർപ്പിക്കും. എല്ലാ കാർഡ് ഉടമകളുടെയും, ഡിഫോൾട്ടർമാരുടെയും ഇപ്പോഴുള്ളവരുടെയും, മുൻ മാസത്തെ റീപേമെന്റ് സ്റ്റാറ്റസ് ഈ ഡാറ്റയിൽ ഉണ്ടാകും. സമർപ്പിച്ച ഡാറ്റ CIBIL അടുത്ത മുപ്പത് ദിവസത്തിനുള്ളിൽ അവരുടെ സെർവറിൽ അപ്‌ലോഡ് ചെയ്യും.
ധാരണയിലെത്തി കസ്റ്റമർ സെറ്റിൽമെന്റിന് തയ്യാറായാൽ, അല്ലെങ്കിൽ അക്കൗണ്ട് എഴുതിത്തള്ളിയാൽ, യഥാക്രമം സെറ്റിൽ ചെയ്തതായി & എഴുതിത്തള്ളിയതായി CIC കൾ അപ്‌ഡേറ്റ് ചെയ്യും.

8) കാർഡ് ഉടമക്ക് മരണമോ/ സ്ഥിര വൈകല്യമോ സംഭവിച്ചാൽ കുടിശികയുടെ റിക്കവറി: മുഴുവൻ കുടിശിക ബാലൻസും (അൺബിൽഡ് ട്കാൻസാക്ഷനുകൾ ഉൾപ്പെടെ) ഉർൻതന്നെ ആക്സിസ് ബാങ്കിന് കുടിശികയാകുന്നതും അടയ്ക്കേണ്ടതുമാണ്. മൊത്തം കുടിശിക കാർഡ് ഉടമയുടെ സ്വത്തിൽ നിന്ന് തിരിച്ചുപിടിക്കാൻ ആക്സിസ് ബാങ്കിന് അവകാശം ഉണ്ടായിരിക്കും. ബാങ്കിൽ കാർഡ് ഉടമയുടെ പേരിലുള്ള  പണം /ഡിപ്പോസിറ്റ്/ അക്കൗണ്ട് എന്നിവയിൽ നിന്ന് പിടിക്കാനും ബാങ്കിന് അവകാശമുണ്ട്.

9) ക്രെഡിറ്റ് കാർഡ് ക്ലോസ് ചെയ്യുന്ന സാഹചര്യത്തിൽ, കാർഡിൽ ക്രെഡിറ്റ് ബാലൻസ് ഉണ്ടെങ്കിൽ, കാർഡ് 'ക്ലോസ്ഡ്' ആയി CIC ക്ക് അപ്‌ഡേറ്റ് ചെയ്യില്ല. ശൂന്യ ബാലൻസോടെ ക്ലോസ് ചെയ്ത ക്രെഡിറ്റ് കാർഡുകൾ മാത്രമാണ് 'ക്ലോസ്ഡ്' ആയി CIC ക്ക് റിപ്പോർട്ട് ചെയ്യുക.

**L) ഡിസ്ക്ലോഷർ**

ആക്സിസ് ബാങ്ക് RBI അംഗീകരിച്ച ക്രെഡിറ്റ് ബ്യൂറോകളുമായി സഹകരണത്തിൽ ഏർപ്പെട്ടേക്കാം, നിങ്ങളുടെ നിലവിലെ ബാലൻസ്, പേമെന്റ് ചരിത്രം, സ്ഥലനാമ വിശദാംശങ്ങൾ മുതലായവ ഉൾപ്പെടെയുള്ള ക്രെഡിറ്റ് വിവരങ്ങൾ ഷെയർ ചെയ്യുന്നതാണ്. വായ്പ്പ് നൽകണോ വേണ്ടയോ എന്നത് സംബന്ധിച്ച് ക്രെഡിറ്റ് ബ്യൂറോകൾ അഭിപ്രായമോ സൂചനയോ പ്രതികരണമോ നൽകുന്നതല്ല. യഥാസമയം കുടിശികകൾ അടച്ചു തീർത്ത് നല്ല ക്രെഡിറ്റ് ഹിസ്റ്ററി നിലനിർത്തേണ്ടത് നിങ്ങളുടെ താൽപര്യത്തിന് ഉത്തമമാണ്. ക്രെഡിറ്റ് ബ്യൂറോകൾ നിലവിൽ വന്നതോടെ,

ഉത്തരവാദിത്തമുള്ള ഉപഭോക്താക്കൾക്ക് ക്രെഡിറ്റ് ദാതാക്കളിൽ നിന്ന് മികച്ച നിബന്ധനകളിൽ അതിവേഗം, കൂടുതൽ മത്തസരക്ഷമമായ സേവനങ്ങൾ പ്രതീക്ഷിക്കാം. ഉപഭോക്താക്കൾ മുടക്കം വരുത്തിയാൽ അക്കാര്യം ക്രെഡിറ്റ് ബ്യൂറോകളിൽ ലഭ്യമാകും. ഇത് ഭാവിയിലെ ആവശ്യങ്ങൾക്കുള്ള നിങ്ങളുടെ വായ്പ്പാ യോഗ്യതയെ ദോഷകരമായി ബാധിക്കും. ആക്സിസ് ബാങ്ക് പ്രതിമാസ അടിസ്ഥാനത്തിലോ അല്ലെങ്കിൽ ബാങ്കും ക്രെഡിറ്റ് ബ്യൂറോകളും തമ്മിൽ സമ്മതിക്കുന്ന കാലയളവിലോ കസ്റ്റമറിന്റെ വിവരങ്ങൾ ക്രെഡിറ്റ് ബ്യൂറോകൾക്ക് റിപ്പോർട്ട് ചെയ്യും. ഏതെങ്കിലും ബില്ലിംഗ് തർക്കം ബാങ്കിനെ അറിയിച്ചാൽ, തർക്കം പരിഹരിച്ചതിനുശേഷം മാത്രമേ വിവരങ്ങൾ വെളിപ്പെടുത്തൽ / പുറത്തുവിടൽ നടത്താവൂ, പ്രത്യേകിച്ച് ഒരു മുടക്കത്തെക്കുറിച്ച്. തർക്കം പരിഹരിക്കുന്നതുവരെ ബില്ലിംഗ് സ്റ്റേറ്റ്മെന്റിൽ പ്രതിപാദിച്ച മിനിമം തുക (MAD) ഉപഭോക്താക്കൾ അടയ്ക്കണം. നിശ്ചിത തീയതിക്കുള്ളിൽ MAD അടയ്ക്കുന്നതിൽ പരാജയപ്പെട്ടാൽ അക്കൗണ്ട് കഴിഞ്ഞുപോയതായി കണക്കാക്കും, അതനുസരിച്ച് CIC-കളെ അറിയിക്കും. കാർഡ് ഉടമയുമായി / ആഡ്-ഓൺ കാർഡ് ഉടമയുമായി ബന്ധപ്പെട്ട വിവരങ്ങൾ, ആക്സിസ് ബാങ്ക് ഉചിതവും ആവശ്യവുമാണെന്ന് കരുതുന്നതുപോലെ, കാർഡ് ഉടമ തന്റെ ബാധ്യത നിറവേറ്റുന്നതിൽ വരുത്തിയ ഏതെങ്കിലും ഡിഫോൾട്ടുമായി ബന്ധപ്പെട്ട വിവരങ്ങൾ ഉൾപ്പെടെ, ബാങ്ക് കാലാകാലങ്ങളിൽ നിർണ്ണയിക്കുന്ന നിലവിലുള്ളതോ മറ്റ് ക്രെഡിറ്റ് ബ്യൂറോകളുമായോ ഷെയർ ചെയ്യാൻ ആക്സിസ് ബാങ്കിന് അധികാരമുണ്ടെന്ന് കാർഡ് ഉടമ സമ്മതിക്കുന്നു. അതനുസരിച്ച്, ക്രെഡിറ്റ് ബ്യൂറോകൾക്ക് വിവരങ്ങൾ വെളിപ്പെടുത്താൻ ആഡ്-ഓൺ കാർഡ് ഉടമകളിൽ നിന്നുള്ള സമ്മതവും.

അത്തരം സ്ഥാപനങ്ങൾക്ക് ബാങ്കുകൾക്കും / ധനകാര്യ സ്ഥാപനങ്ങൾക്കും മറ്റ് ക്രെഡിറ്റ് ഗ്രാന്റുകൾക്കും പ്രോസസ്സ് ചെയ്ത വിവരങ്ങളോ ഡാറ്റയോ ഉൽപ്പന്നങ്ങളോ ലഭ്യമാക്കാം. ക്രെഡിറ്റ് ബ്യൂറോകളിൽ ക്രെഡിറ്റ് ബ്യൂറോകൾ, ക്രെഡിറ്റ് റഫറൻസ് ഏജൻസികൾ, ക്രെഡിറ്റ് ഇൻഫർമേഷൻ കമ്പനികൾ അല്ലെങ്കിൽ കടം വാങ്ങുന്നവരെ സംബന്ധിച്ച ക്രെഡിറ്റ് വിവരങ്ങൾ ശേഖരിക്കുന്നതിനും, ക്രോഡീകരിക്കുന്നതിനും, പ്രചരിപ്പിക്കുന്നതിനുമായി RBI രൂപീകരിച്ച് അധികാരപ്പെടുത്തിയ മറ്റേതെങ്കിലും സ്ഥാപനം എന്നിവ ഉൾപ്പെടുന്നു.

ആക്സിസ് ബാങ്ക് / അതിന്റെ അസോസിയേറ്റുകൾ / അനുബന്ധ സ്ഥാപനങ്ങൾ / ഏജന്റുമാർ എന്നിവരിൽ നിന്ന് നേരിട്ടുള്ള മാർക്കറ്റിംഗ് അല്ലെങ്കിൽ ടെലി കോളിംഗ് / ടെലിസെയിൽസ് കോളുകൾ സ്വീകരിക്കാൻ കാർഡ് ഉടമയ്ക്ക് താൽപ്പര്യമില്ലെങ്കിൽ, 'TRAI' വെബ്സൈറ്റിൽ നൽകിയിരിക്കുന്ന വിശദാംശങ്ങൾ പ്രകാരം 'പ്രൊവൈഡർ കസ്റ്റമർ പ്രിഫറൻസ് രജിസ്റ്റർ' ൽ രജിസ്റ്റർ ചെയ്ത് കാർഡ് ഉടമയ്ക്ക് ഒഴിവാക്കാം.

ആക്സിസ് ബാങ്ക് മറ്റ് മർച്ചന്റ്/കോർപ്പറേറ്റുകളുമായി സംയുക്തമായി കോ-ബ്രാൻഡ് ക്രെഡിറ്റ് കാർഡുകൾ ഓഫർ ചെയ്യുന്നു. ഈ അറേഞ്ച് മെന്റിന് കീഴിൽ പാർട്ണർ/കോർപ്പറേറ്റുകളുമായി ബാങ്ക്

വരുമാനം/ഫീസുകൾ പങ്കിടാവുന്നതാണ്. എൻറോൾമെന്റ്, കാർഡ് ഫീച്ചർ നിറവേറ്റൽ, മാർക്കറ്റിംഗ്, പ്രമോഷണൽ പ്രവർത്തനങ്ങൾ, ബെനഫിറ്റ് റിഡംപ്ഷൻ എന്നിവയ്ക്കായി, കോ ബ്രാൻഡ് പാർട്ണറായി പ്രവർത്തിക്കുന്ന മൈൽസ് ആൻഡ് മോർ, വിസ്താര എയർലൈൻസ്, സാംസങ്, സ്പൈസ്ജെറ്റ് എന്നിവയിൽ ബാങ്ക് ഷെയർ ചെയ്ത വിവരങ്ങൾ പങ്കിടാനും വെളിപ്പെടുത്താനും ഉപഭോക്താക്കൾ ബാങ്കിന് വ്യക്തമായി സമ്മതം നൽകുന്നു. ആക്സിസ് ബാങ്ക് മൈൽസ് ആൻഡ് മോർ വേൾഡ് സെലക്ട് ക്രെഡിറ്റ് കാർഡ്, ആക്സിസ് ബാങ്ക് മൈൽസ് ആൻഡ് മോർ വേൾഡ് ക്രെഡിറ്റ് കാർഡ്, ആക്സിസ് ബാങ്ക് വിസ്താര ഇൻഫിനിറ്റ് ക്രെഡിറ്റ് കാർഡ്, ആക്സിസ് ബാങ്ക് വിസ്താര സിഗ്നേച്ചർ ക്രെഡിറ്റ് കാർഡ്, ആക്സിസ് ബാങ്ക് വിസ്താര പ്ലാറ്റിനം ക്രെഡിറ്റ് കാർഡുകൾ, സാംസങ് ആക്സിസ് ബാങ്ക് ഇൻഫിനിറ്റ് ക്രെഡിറ്റ് കാർഡ്, സാംസങ് ആക്സിസ് ബാങ്ക് സിഗ്നേച്ചർ ക്രെഡിറ്റ് കാർഡ്, സ്പൈസ്ജെറ്റ് ആക്സിസ് ബാങ്ക് വോയേജ് ബ്ലാക്ക് ക്രെഡിറ്റ് കാർഡ്, സ്പൈസ്ജെറ്റ് ആക്സിസ് ബാങ്ക് വോയേജ് ക്രെഡിറ്റ് കാർഡ്, ആക്സിസ് ബാങ്ക് ഷോപ്പേഴ്സ് സ്റ്റോപ്പ് ക്രെഡിറ്റ് കാർഡ് തുടങ്ങിയ കോ-ബ്രാൻഡഡ് ക്രെഡിറ്റ് കാർഡുകൾക്ക് ഇത് ബാധകമായിരിക്കും. മൈൽസ് ആൻഡ് മോർ, വിസ്താര എയർലൈൻസ്, സാംസങ്, സ്പൈസ് ജെറ്റ്, ഷോപ്പേഴ്സ് സ്റ്റോപ്പ് എന്നിവയാണ് കോ-ബ്രാൻഡ് പാർട്ണർമാർ.

ആക്സിസ് ബാങ്ക് വിവിധങ്ങളായ ഫീച്ചറുകളും സവിശേഷതകളും ആനുകൂല്യങ്ങളുമുള്ള ക്രെഡിറ്റ് കാർഡുകളാണ് നൽകുന്നത്. ഇതിനായി, വൗച്ചറുകൾ/ഡിസ്കൗണ്ടുകൾ/ക്യാഷ്ബാക്കുകൾ/അംഗത്വങ്ങൾ/കാർഡ് പ്രൊട്ടക്ഷൻ പ്ലാനുകൾ, ക്രെഡിറ്റ് ഷീൽഡ്, ഹെൽത്ത് പ്ലാനുകൾ തുടങ്ങിയ ഇൻഷുറൻസ് ഓപ്ഷനുകൾ ഉൾപ്പെടെ ഉൽപ്പന്ന സവിശേഷതകൾ/ആനുകൂല്യങ്ങൾ/മറ്റ് മൂല്യവർദ്ധിത സേവനങ്ങൾ എന്നിവ കാർഡ് ഉടമയ്ക്ക് നൽകുന്നതിന് കരാർ അടിസ്ഥാനത്തിൽ ആക് സിസ് ബാങ്ക് വിവിധ സേവന ദാതാക്കളെ നിയോഗിക്കാറുണ്ട്. എൻറോൾമെന്റ്, കാർഡ് ഫീച്ചർ നിറവേറ്റൽ, മാർക്കറ്റിംഗ്, പ്രമോഷണൽ പ്രവർത്തനങ്ങൾ, ആനുകൂല്യ വീണ്ടെടുക്കൽ എന്നിവയ്ക്കായി ആക്സിസ് ബാങ്കിന്റെ അംഗീകൃത സേവന ദാതാക്കളുമായി കാർഡ് ഉടമയുടെ വ്യക്തിഗത വിവരങ്ങളും സെൻസിറ്റീവ് വ്യക്തിഗത വിവരങ്ങളും ("പേഴ്സണൽ ഡാറ്റ") ഉൾപ്പെടെയുള്ള വ്യക്തിഗത ഡാറ്റ എടുക്കാനും ശേഖരിക്കാനും പ്രോസസ്സ് ചെയ്യാനും റെക്കോർഡ് ചെയ്യാനും ഷെയർ ചെയ്യാനും വെളിപ്പെടുത്താനും കാർഡ് ഉടമകൾ ആക്സിസ് ബാങ്കിന് വ്യക്തമായ സമ്മതം നൽകുകയും ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ആക്സിസ് ബാങ്ക് നിയോ ക്രെഡിറ്റ് കാർഡ്, ആക്സിസ് ബാങ്ക് മൈ സോൺ ക്രെഡിറ്റ് കാർഡ്, ഇന്ത്യൻ ഓയിൽ ആക്സിസ് ബാങ്ക് ക്രെഡിറ്റ് കാർഡ്, ആക്സിസ് ബാങ്ക് റിവാർഡ്സ് ക്രെഡിറ്റ് കാർഡ്, ആക്സിസ് ബാങ്ക് അറ്റ്ലസ് ക്രെഡിറ്റ് കാർഡ്, ആക്സിസ് ബാങ്ക് സെലക്ട് ക്രെഡിറ്റ് കാർഡ്, ആക്സിസ് ബാങ്ക് പ്രിവിലേജ് ക്രെഡിറ്റ് കാർഡ്, ആക്സിസ് ബാങ്ക് ഇൻഫിനിറ്റ് റിസർവ് ക്രെഡിറ്റ് കാർഡ്, ആക്സിസ് ബാങ്ക് മാഗ്നസ് ക്രെഡിറ്റ് കാർഡ്, ആക്സിസ് ബാങ്ക് പ്രൈഡ് ക്രെഡിറ്റ് കാർഡുകൾ, ആക്സിസ്

ബാങ്ക് അഡ്വാന്റേജ് ക്രെഡിറ്റ് കാർഡ്, ആക്സിസ് ബാങ്ക് ഔറ ക്രെഡിറ്റ് കാർഡ് എന്നിങ്ങനെ ബാധകമായ എല്ലാ ക്രെഡിറ്റ് കാർഡുകൾക്കും ആ സമ്മതം സാധുത ഉള്ളതയി കണക്കാക്കുമെന്ന് കാർഡ് ഉടമ മനസ്സിലാക്കുകയും സമ്മതിക്കുകയും ചെയ്യുന്നു.
കാർഡുകൾ നഷ്ടപ്പെടൽ, കാർഡ് തട്ടിപ്പുകൾ മുതലായവയിൽ നിന്ന് ഉളവാകുന്ന ബാധ്യതകൾ പരിഹരിക്കുന്നതിനായി, ഇൻഷുറൻസ് കമ്പനികളുമായി സഹകരിച്ച് ആക്സിസ് ബാങ്ക്, ആക്സിസ് ബാങ്ക് ക്രെഡിറ്റ് കാർഡിൽ ഇൻഷുറൻസ് പരിരക്ഷ ("ഇൻഷുറൻസ് കവർ") നൽകുന്നുണ്ട്. ആക്സിസ് ബാങ്ക് ക്രെഡിറ്റ് കാർഡിൽ അത്തരം ഇൻഷുറൻസ് പരിരക്ഷ വേണമെന്ന് കാർഡ് ഉടമക്ക് താൽപര്യമുണ്ടെങ്കിൽ, താഴെപ്പറയുന്ന നിബന്ധനകളും വ്യവസ്ഥകളും വായിച്ചെന്നും മനസ്സിലാക്കിയെന്നും സമ്മതിച്ചെന്നും കാർഡ് ഉടമ സ്ഥിരീകരിക്കുന്നു:
i. കാർഡ് ഉടമയുടെ ആക്സിസ് ബാങ്ക് ക്രെഡിറ്റ് കാർഡിൽ പ്രസക്തമായ ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്നതിന് വിളിക്കുന്നതിനും ബന്ധപ്പെടുന്നതിനും അത്തരം ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്നതിന് കാർഡ് ഉടമയുടെ പേഴ്സണൽ ഡാറ്റ പ്രോസസ്സ് ചെയ്യുന്നതിനും ആക്സിസ് ബാങ്കിന്റെ അംഗീകൃത സേവന ദാതാക്കളുമായും/അല്ലെങ്കിൽ ടൈ-അപ്പ് ഇൻഷുറൻസ് കമ്പനികളുമായും പേഴ്സണൽ ഡാറ്റ ഷെയർ ചെയ്യുന്നതിന് കാർഡ് ഉടമ ഇതിനാൽ ആക്സിസ് ബാങ്കിന് വ്യക്തമായ സമ്മതം നൽകുന്നു ("ഉദ്ദേശ്യം").
ii. കാർഡ് ഉടമയുടെ സ്വകാര്യത സംരക്ഷിക്കാൻ ആക്സിസ് ബാങ്ക് പ്രതിജ്ഞാബദ്ധമാണ്, ബാധകമായ ഡാറ്റാ സംരക്ഷണ നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് ആക്സിസ് ബാങ്കിന്റെ അംഗീകൃത സേവന ദാതാക്കളുമായും/അല്ലെങ്കിൽ ടൈ-അപ്പ് ഇൻഷുറൻസ് കമ്പനികളുമായും മാത്രമാണ് പേഴ്സണൽ ഡാറ്റകൾ ഷെയർ ചെയ്യുക. ആക്സിസ് ബാങ്കും അതിന്റെ അംഗീകൃത സേവന ദാതാക്കളും/ടൈ-അപ്പ് ഇൻഷുറൻസ് കമ്പനികളും പേഴ്സണൽ ഡാറ്റ സംരക്ഷിക്കുന്നതിന്, ഈ ഉദ്ദേശ്യത്തിനായി പേഴ്സണൽ ഡാറ്റ് ഷെയർ ചെയ്യുമ്പോൾ യുക്തിസഹമായ സുരക്ഷാ നടപടികൾ നടപ്പാക്കേണ്ടതാണ്.
iii. ഉദ്ദേശ്യത്തിനായി അത്തരം കോളുകളുടെ ഫ്രീക്വൻസി യുക്തിസഹവും ബന്ധപ്പെട്ട ചട്ടങ്ങൾക്ക് അനുസൃതവും ആയിരിക്കുമെന്ന് ആക്സിസ് ബാങ്ക് സ്ഥിരീകരിക്കുന്നു. അസൗകര്യം ഉണ്ടാക്കാതെ കാർഡ് ഉടമയ്ക്ക് സുപ്രധാന വിവരങ്ങൾ നൽകാനാണ് ആക്സിസ് ബാങ്ക് ശ്രമിക്കുക.
iv. ഈ നിബന്ധന, വ്യവസ്ഥകൾ പരഷ്ക്കരിക്കാനുള്ള അവകാശം ആക്സിസ് ബാങ്കിൽ നിക്ഷിപ്തമാണ്. വരുത്തുന്ന മാറ്റങ്ങൾ യഥോചിതമായ മാർഗ്ഗങ്ങളിലൂടെ കാർഡ് ഉടമയെ അറിയിക്കും.

ക്രെഡിറ്റ് കാർഡ് അപ്രൂവലിന് എടുക്കുന്ന സമയം വ്യത്യാസപ്പെടാം കാർഡ് ഉടമയെ ഇതിനാൽ അറിയിക്കുന്നു, അപേക്ഷിച്ച തീയതി മുതൽ ക്രെഡിറ്റ് കാർഡ് ഡെലിവറിക്കുള്ള TAT 14 ദിവസം ആയിരിക്കും.

ക്രെഡിറ്റ് കാർഡ് അപേക്ഷയിൽ തങ്ങളുടെ പേരിലുള്ള രജിസ്റ്റേർഡ്

മൊബൈൽ നമ്പർ നൽകിയിട്ടുണ്ടെന്ന് കാർഡ് ഉടമ അംഗീകരിക്കുന്നു. ക്രെഡിറ്റ് കാർഡ് അപേക്ഷയ്ക്കിടെ നൽകിയ മൊബൈൽ നമ്പർ കാർഡ് ഉടമയുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടില്ലെന്ന് പിന്നീട് കണ്ടെത്തിയാൽ, ക്രെഡിറ്റ് കാർഡിലെ മൊബൈൽ നമ്പർ വഴി നടത്തുന്ന ഏതൊരു പ്രവർത്തനത്തിനും/ട്രാൻസാക്ഷനും അവർ ബാധ്യസ്ഥരും ഉത്തരവാദികളും ആയിരിക്കും.

ബാങ്കിംഗ് കോഡ്സ് ആൻഡ് സ്റ്റാൻഡേർഡ്സ് ബോർഡ് ഓഫ് ഇന്ത്യ (BCSBI)യിലെ അംഗമാണ് ആക്സിസ് ബാങ്ക്. BCSBI കോഡിന് കീഴിലുള്ള ഞങ്ങളുടെ പ്രതിബദ്ധതകൾ കാണുന്നതിന് ദയവായി ഞങ്ങളുടെ വെബ് സൈറ്റിന്റെ ഹോംപേജ് സന്ദർശിക്കുക.

**M) ആർബിട്രേഷൻ ക്ലോസ്**

ഈ പ്രമാണങ്ങളിൽ നിന്ന് ഉളവാകുന്ന എല്ലാ തർക്കങ്ങളും ഭിന്നതകളും/അല്ലെങ്കിൽ ക്ലെയിമുകളും ചോദ്യങ്ങളും, അല്ലെങ്കിൽ ഇതിലെ കക്ഷികളുടെ അവകാശം, കടമകൾ, ബാധ്യതകൾ എന്നിവയുടെ കാര്യത്തിലുള്ള അതിനെ സ്പർശിക്കുന്നതായ അഥവാ ബന്ധപ്പെട്ടുള്ള ഘടനാ നിർമ്മിതി, അർത്ഥം അഥവാ അതിലെ ഇഫെക്ട് ആർബിട്രേഷന് റഫർ ചെയ്യുകയും തീർപ്പാക്കുകയും ചെയ്യേണ്ടതാണ്, 1996 ലെ ആർബിട്രേഷൻ ആന്റ് കൺസിലിയേഷൻ നിയമത്തിലെ വ്യവസ്ഥകൾക്ക് അഥവാ അതിൽ വരുത്തുന്ന ഭേദഗതികൾക്ക് അനുസൃതമായാണ് അത് നടത്തുക, ലെൻഡർ/ ബാങ്ക് നോമിനേറ്റ് ചെയ്യുന്ന ഏക ആർബിട്രേറ്ററാണ് അത് നടത്തുക, ആർബിട്രേറ്റർ ആയി പ്രവർത്തിക്കാൻ അങ്ങനെ ആർബിട്രേറ്ററെ നിയമിക്കുന്നതാണ്. ആർബിട്രേറ്റർ പുറപ്പെടുവക്കുന്ന ഉത്തരവിന് കാരണമൊന്നും നൽകേണ്ട ആവശ്യമില്ല, ആർബിട്രേറ്ററുടെ ഉത്തരവ് ബന്ധപ്പെട്ട എല്ലാ കക്ഷികൾക്കും അന്തിമവും ബാധ്യസ്ഥവും ആയിരിക്കുന്നതാണ്. ആർബിട്രേഷൻ നടപടിക്രമങ്ങൾ മുംബൈയിൽ മാത്രമാണ് നടത്തുക.

**N) നിരോധന ഖണ്ഡിക**

ലോട്ടറി ടിക്കറ്റുകൾ, നിരോധിച്ചതോ വിലക്കിയതോ ആയ മാസികകൾ, സ്വീപ്സ്റ്റേക്കുകളിൽ പങ്കെടുക്കൽ, കോൾ ബാക്ക് സേവനങ്ങൾക്കുള്ള പേമെന്റ് എന്നിവക്കോ, ഫോറിൻ എക്സ്ചേഞ്ച് ഉപയോഗം അനുവാദിക്കാത്ത ഐറ്റങ്ങൾ/പ്രവർത്തനങ്ങൾ എന്നിവ പോലുള്ള നിരോധിത ഐറ്റങ്ങൾ വാങ്ങുന്നതിനോ അന്താരാഷ്ട്ര ക്രെഡിറ്റ് കാർഡുകൾ ഇന്റർനെറ്റിലോ അല്ലാതെയോ ഉപയോഗിക്കാൻ കഴിയില്ല.

**O) FEMA (വിദേശ വിനിമയ മാനേജ്മെന്റ് നിയമം)**

i) ഇന്ത്യയ്ക്ക് പുറത്ത് ട്രാൻസാക്ഷനുകൾക്കായി കാർഡ് ഉപയോഗിക്കുന്നത് RBI യുടെ എക്സ്ചേഞ്ച് കൺട്രോൾ റെഗുലേഷൻസ്, ഫോറിൻ എക്സ്ചേഞ്ച് മാനേജ്മെന്റ് നിയമം, 1999 എന്നിങ്ങനെ ബാധകമായ നിയമങ്ങൾക്ക് അനുസൃതമായിരിക്കണം, അക്കാര്യത്തിൽ പിഴവ് സംഭവിച്ചാൽ, നിങ്ങൾ ശിക്ഷാനടപടിക്ക് ബാധ്യസ്ഥമായെന്നു വരും.

ii) ഇലക്ട്രോണിക് / ഇന്റർനെറ്റ് ട്രേഡിംഗ് പോർട്ടലുകൾ മുഖേന വിദേശ ഫോറെക്സ് ട്രേഡിംഗിലേക്ക് നേരിട്ടോ പരോക്ഷമായോ പേമെന്റ് നടത്താൻ ക്രെഡിറ്റ് കാർഡ് ഉപയോഗിക്കാൻ കഴിയില്ല. റെഗുലേറ്ററി മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ഇത് നിരോധിച്ചിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക്, ദയവായി ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കുക.

iii) ഇന്ത്യയിലും വിദേശത്തും ഉപയോഗിക്കുന്നതിന് കാർഡിന് പ്രാബല്യമുണ്ട്. പക്ഷെ, നേപ്പാളിലും ഭൂട്ടാനിലും വിദേശ കറൻസി ഇടപാടുകൾ നടത്താൻ ഇതിന് പ്രാബല്യം ഉണ്ടായിരിക്കില്ല.

iv) NRI കസ്റ്റമേർസിന് മാത്രം, ആക്സിസ് ബാങ്ക് NRE അക്കൗണ്ടിൽ നിന്ന് 100% പേമെന്റും നിർബന്ധമായും ഓട്ടോ പേ മോഡ് വഴി നടത്തേണ്ടതാണ്.

v) NRI കസ്റ്റമേർസിന് ക്യാഷ് പേമെന്റ് സ്വീകരിക്കാനാകില്ല.

**P) കാർഡ് അക്കൗണ്ടിലെ അനധികൃത ഇലക്ട്രോണിക് ബാങ്കിംഗ് ട്രാൻസാക്ഷനുകൾ**

1) ബാങ്കിന് സാധുതയുള്ള മൊബൈൽ നമ്പർ നൽകിയിട്ടില്ലാത്ത കസ്റ്റമേർസിന് ATM ക്യാഷ് പിൻവലിക്കൽ അല്ലാതെ ഇലക്ട്രോണിക് ട്രാൻസാക്ഷൻ സൗകര്യം ബാങ്ക് നൽകുന്നതല്ല.

2) കസ്റ്റമറിന് ലഭ്യമാക്കുന്ന ഏതെങ്കിലും സ്റ്റേറ്റ്മെന്റിലെ/ റിക്കാർഡുകളിലെ ബാലൻസ് ട്രാൻസാക്ഷനുകളിൽ/ വിവരങ്ങളിൽ എന്തെങ്കിലും പൊരുത്തക്കേട് കണ്ടാൽ കസ്റ്റമർ ഏഴ് (7) ദിവസത്തിനുള്ളിൽ അക്കാര്യം ബാങ്കിനെ അറിയിക്കണം.

3) ഏഴ് (7) പ്രവൃത്തി ദിവസങ്ങൾ കഴിഞ്ഞ് ബാങ്കിന് ലഭിക്കുന്നത് അതിന് വിരുദ്ധമായ എന്തെങ്കിലും വിവരം ആണെങ്കിൽ ബാങ്കിന്റെ വെബ് സൈറ്റിൽ കൊടുത്തിട്ടുള്ള ബാങ്കിന്റെ ബോർഡ് അംഗീകരിച്ച നയം അനുസരിച്ച് കസ്റ്റമറിന്റെ ബാധ്യത നിശ്ചയിക്കുന്നതാണ്.

4) ഇതിൽ പ്രതിപാദിച്ചിരിക്കുന്ന നിബന്ധനകൾക്കും വ്യവസ്ഥകൾക്കും അനുസൃതമായി, ഇലക്ട്രോണിക് അഥവാ ഡോക്യുമെന്ററി രൂപത്തിൽ നിലനിർത്തുന്ന നിങ്ങളുടെ നിർദ്ദേശങ്ങളുടെയും മറ്റ് വിശദാംശങ്ങളുടെയും (നൽകിയതോ സ്വീകരിച്ചതോ ആയ പേയ്

മെന്റുകൾ ഉൾപ്പെടെ, എന്നാൽ അതിൽ മാത്രം പരിമിതമല്ലാതെ) എല്ലാ രേഖകളും, നിങ്ങളുടെ കാര്യത്തിൽ, അത്തരം നിർദ്ദേശങ്ങളുടെയും മറ്റ് വിശദാംശങ്ങളുടെയും പൂർണ്ണ തെളിവായി കണക്കാക്കപ്പെടും.

5) അക്കൗണ്ടിൽ റിപ്പോർട്ട് ചെയ്യുന്ന സമയത്തെക്കുറിച്ചോ/അല്ലെങ്കിൽ ട്രാൻസാക്ഷനുകളെക്കുറിച്ചോ അല്ലെങ്കിൽ പ്രസ്തുത അക്കൗണ്ടുമായി ബന്ധപ്പെട്ട മറ്റേതെങ്കിലും കാര്യങ്ങളെക്കുറിച്ചോ എന്തെങ്കിലും തർക്കമുണ്ടായാൽ, തർക്കത്തിലുള്ള ട്രാൻസാക്ഷന്റെ സമയവും/ അല്ലെങ്കിൽ ആധികാരികതയും ഉറപ്പാക്കാനുള്ള അവകാശം ബാങ്കിൽ നിക്ഷിപ്തമായിരിക്കും, തേർഡ് പാർട്ടി തട്ടിപ്പ് മൂലം നിങ്ങളുടെ കാർഡ് അക്കൗണ്ടിൽ അനധികൃത ട്രാൻസാക്ഷനുകൾ നടന്നാലോ അല്ലെങ്കിൽ തട്ടിപ്പിന് നിങ്ങളുടെ സംഭാവനയില്ലെങ്കിലോ നിങ്ങളുടെ ബാധ്യത "കസ്റ്റമർ സംരക്ഷണം-അനധികൃത ഇലക്ട്രോണിക് ബാങ്കിംഗ് ട്രാൻസാക്ഷനുകളിൽ പരിമിതമായ ബാധ്യത" എന്ന RBI സർക്കുലറിൽ നൽകിയിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചാണ് നിർണയിക്കപ്പെടുന്നത്. യഥാകാലം ഭേദഗതി വരുത്തുന്ന ചട്ടങ്ങളിലെ മാറ്റം അതാത് കാലത്ത് ബാധകവും ബാധ്യസ്ഥവും ആയിരിക്കും.

6) കസ്റ്റമർ കെയർ/ കസ്റ്റമർ പരാതി നിവാരണ സമ്പർക്ക വിശദാംശങ്ങൾക്ക് ദയവായി റഫർ ചെയ്യുക ഞങ്ങളുടെ വെബ്സൈറ്റ് www.axis.bank.in/support

**Q) സുരക്ഷിത ക്രെഡിറ്റ് കാർഡുകൾ**

1) സെക്യുവേർഡ് ക്രെഡിറ്റ് കാർഡുകൾക്കോ, ബാങ്ക് അനുവദിച്ച മറ്റേതെങ്കിലും വായ്പക്കോ കീഴിൽ കസ്റ്റമറിൽ നിന്ന് ബാങ്കിലേക്ക് കിട്ടേണ്ടതായ മുഴുവൻ തുകയുടെയും അന്തിമ ബാലൻസിനുള്ള തുടർച്ചയായ സെക്യൂരിറ്റിയായി ഫിക്സഡ് ഡിപ്പോസിറ്റ് വർത്തിക്കുന്നതാണ്.

2) വീഴ്ച വരുത്തിയാൽ, ആവശ്യപ്പെടുമ്പോൾ ക്രെഡിറ്റ് സൗകര്യമോ വായ്പയോ തിരിച്ചടക്കാതിരുന്നാൽ ഫിക്സഡ്/ ടേം ഡിപ്പോസിറ്റ് മെച്ചുർ ആകുന്നതിന് മുൻപേ പ്രയോജനപ്പെടുത്താൻ ഇതിനാൽ ഓഫർ ചെയ്തതോ കൈവശം വച്ചിരിക്കുന്നതോ ആയ സെക്യൂരിറ്റികൾ/ഫിക്സഡ് അഥവാ ടേം ഡിപ്പോസിറ്റുകൾ സെറ്റ് ഓഫ് ചെയ്യുന്നതിനോ ഉയർത്തുന്നതിനോ, അല്ലെങ്കിൽ ബാങ്ക് ന്യായമാണെന്ന് കരുതുന്നവ കൈമാറ്റം ചെയ്യുന്നതിനോ/ അസൈൻ ചെയ്യുന്നതിനോ പുനർനിയമിക്കുന്നതിനോ, ബാങ്കിന്റെ ഏതെങ്കിലും ശാഖകളിലെ അക്കൗണ്ടുകളിലെ കസ്റ്റമറിന്റെ ബാധ്യതകൾ തീർക്കുന്നതിനായി മൊത്തം തുകകൾ വിനിയോഗിക്കുന്നതിനോ ബാങ്ക് ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കും.

3) കസ്റ്റമറിന്റെ യോഗ്യതയുടെ അടിസ്ഥാനത്തിൽ, സെക്യുവേർഡ് ക്രെഡിറ്റ് കാർഡുമായി ബന്ധിപ്പിച്ചിട്ടുള്ള ഫിക്സഡ് ഡിപ്പോസിറ്റിൽ നിന്ന് ലിയൻ നീക്കം ചെയ്യാൻ, ഏക വിവേചനാധികാരത്തിൽ ബാങ്കിന് അവകാശമുണ്ട്.

**R) സ്പെഷ്യൽ മെൻഷൻ അക്കൗണ്ട് (SMA) ആയും നോൺ-പെർഫോമിംഗ് അസ്സെറ്റ് (NPA) ആയും ക്ലാസിഫിക്കേഷൻ**

റെഗുലേറ്ററി മാർഗ്ഗനിർദ്ദേശങ്ങളിലെ വ്യവസ്ഥകൾക്ക് അനുസൃതമായി, വായ്പാ അക്കൗണ്ടുകളിലെ പ്രാരംഭ സമ്മർദ്ദം, മുടക്കം വന്നാൽ ഉടൻ തന്നെ ലെൻഡർ തിരിച്ചറിയേണ്ടത് ആവശ്യമാണ്, അവയെ സ്പെഷ്യൽ മെൻഷൻ അക്കൗണ്ടുകൾ (SMA) ആയി വേർതിരിക്കും. വായ്പാ അക്കൗണ്ടുകളെ SMA എന്നും NPA എന്നും തരംതിരിക്കുന്നത് പ്രസക്തമായ തീയതിയിലെ ഡേ - എൻഡ് പ്രോസസിന്റെ ഭാഗമായാണ്, SMA അല്ലെങ്കിൽ NPA ക്ലാസിഫിക്കേഷൻ തീയതി ഡേ-എൻഡ് പ്രോസസ് നടത്തുന്ന കലണ്ടർ തീയതിയായിരിക്കും. അതനുസരിച്ച്, SMA/NPA തീയതി, ആ കലണ്ടർ തീയതിയുടെ ഡേ- എൻഡിലെ അക്കൗണ്ടിന്റെ അസ്സറ്റ് ക്ലാസ്സിഫിക്കേഷനെ പ്രതിഫലിപ്പിക്കും. അത്തരം ക്ലാസ്സിഫിക്കേഷന്റെ ഒരു ഉദാഹരണം ഇപ്രകാരമാണ്:

- **SMA 0** - ഒരു ലോൺ അക്കൗണ്ടിലെ കുടിശിക അടയ്ക്കേണ്ട തീയതി 2021 മാർച്ച് 31 ആയിരിക്കെ, ഈ തീയതിയിൽ മുഴുവൻ കുടിശ്ശികയും ലഭിച്ചില്ലെങ്കിൽ, 2021 മാർച്ച് 31 ദിവസാവസാനം അക്കൗണ്ട് SMA 0 ആയിരിക്കും.
- **SMA 1** - ഇത് കുടിശ്ശികയായി തുടർന്നാൽ, തുടർച്ചയായി ഓവർഡ്യൂ ആയി 30 ദിവസം പൂർത്തിയാകുമ്പോൾ, അതായത് 2021 ഏപ്രിൽ 30 ന് ഈ അക്കൗണ്ട് SMA-1 ആയി ടാഗ് ചെയ്യപ്പെടും.
- **SMA 2** - അക്കൗണ്ട് തുടർന്നും കുടിശ്ശിക വരുത്തിയാൽ, 2021 മെയ് 30 ന് അത് SMA-2 ആയി ടാഗ് ചെയ്യപ്പെടും.
- **NPA** – അക്കൗണ്ട് പിന്നെയും ഓവർഡ്യൂ ആയി തുടർന്നാൽ, 2021 ജൂൺ 29 ന് അത് NPA ആയി തരം തിരിക്കും.

RBI മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം, അക്കൗണ്ടുകളെ NPA ആയി തരംതിരിക്കുന്നത് വായ്പയുടെ അല്ല വായ്പക്കാരന്റെ അടിസ്ഥാനത്തിലാണ്. അതിനാൽ, ബാങ്കിൽ നിന്ന് ഏതെങ്കിലും വായ്പ ലഭിച്ച സാഹചര്യത്തിൽ കസ്റ്റമർ കുടിശ്ശിക അടയ്ക്കാത്ത സാഹചര്യത്തിൽ അക്കൗണ്ട് NPA ആയി തരംതിരിക്കേണ്ടതാണ്, വായ്പക്കാരന്റെ/കാർഡ് ഉടമയുടെ ബാങ്കിലുള്ള മറ്റ് എല്ലാ ലോണുകളും/ക്രെഡിറ്റ് കാർഡും അക്കൗണ്ടുകളും NPA ആയി തരംതിരിക്കപ്പെടും, അത്തരം അക്കൗണ്ടുകളിലെ റഗുലർ പേമെന്റ് പരിഗണിക്കാതെ, ബാങ്കിൽ നിന്ന് ലഭിച്ച എല്ലാ ലോണുകളും/ ക്രെഡിറ്റ് കാർഡും/സൗകര്യങ്ങളും തിരിച്ചുപിടിക്കാൻ ബാങ്കിന് അവകാശമുണ്ടാകും.

**S) ഏറ്റവും പ്രധാനപ്പെട്ട നിബന്ധനകളും വ്യവസ്ഥകളും പ്രാദേശിക ഭാഷകളിൽ**

പ്രാദേശിക ഭാഷകളിലെ ഏറ്റവും പ്രധാനപ്പെട്ട നിബന്ധനകളും വ്യവസ്ഥകളും സംബന്ധിച്ച വിവരങ്ങൾക്ക് ദയവായി https://www.axis.bank.in/important-links/creditcard/terms-and-conditions സന്ദർശിക്കുക, ലഭ്യമായ ഓപ്ഷനുകൾ ഇവയാണ്: 1) മറാത്തി 2) ഹിന്ദി 3) ബംഗാളി 4) ഗുജറാത്തി 5) മലയാളം 6) തമിഴ് 7) തെലുങ്ക് 8) കന്നഡ

www.axis.bank.in-ൽ പ്രാദേശിക ഭാഷകളിൽ ലഭ്യമായ ഏറ്റവും പ്രധാനപ്പെട്ട നിബന്ധനകളും വ്യവസ്ഥകളും, ഏറ്റവും പ്രധാനപ്പെട്ട നിബന്ധനകളുടെയും വ്യവസ്ഥകളുടെയും ഇംഗ്ലീഷ് വെർഷന്റെ വിവർത്തനമാണെന്ന് കാർഡ് ഉടമ ഇതിനാൽ സമ്മതിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു.

ഏറ്റവും പ്രധാനപ്പെട്ട നിബന്ധനകളുടെയും വ്യവസ്ഥകളുടെയും ഇംഗ്ലീഷിലും പ്രാദേശിക ഭാഷകളിലും പ്രതിപാദിച്ചിരിക്കുന്ന കാര്യങ്ങളിൽ എന്തെങ്കിലും പൊരുത്തക്കേട്/ വൈരുദ്ധ്യം കണ്ടാൽ, ഇംഗ്ലീഷ് വെർഷനാണ് പരിഗണിക്കുകയെന്നും, കാർഡ് ഉടമയ്ക്ക് അതാണ് ബാധകമാകുകയെന്നും കാർഡ് ഉടമ സമ്മതിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു.

MITC-യുടെ ലിങ്കുകൾ ലഭിക്കുന്ന പ്രാദേശിക ഭാഷകൾ:

മറാത്തി - https://www.axis.bank.in/docs/default-source/default-document-library/credit-cards/mitc/most-important-terms-and-conditions-for-axis-bank-credit-cards-marathi.pdf

ഹിന്ദി - https://www.axis.bank.in/docs/default-source/default-document-library/credit-cards/mitc/most-important-terms-and-conditions-for-axis-bank-credit-cards-hindi.pdf

ബംഗാളി - https://www.axis.bank.in/docs/default-source/default-document-library/credit-cards/mitc/most-important-terms-and-conditions-for-axis-bank-credit-cards-bengali.pdf

ഗുജറാത്തി-https://www.axis.bank.in/docs/default-source/default-document-library/credit-cards/mitc/most-important-terms-and-conditions-for-axis-bank-credit-cards-gujarati.pdf

മലയാളം - https://www.axis.bank.in/docs/default-source/default-document-library/credit-cards/mitc/most-important-terms-and-conditions-for-axis-bank-credit-cards-malayalam.pdf

തമിഴ് - https://www.axis.bank.in/docs/default-source/default document-library/credit-cards/mitc/most-important-terms-and conditions-for-axis-bank-credit-cards-tamil.pdf

തെലുങ്ക് - https://www.axis.bank.in/docs/default-source/default document-library/credit-cards/mitc/most-important-terms-and conditions-for-axis-bank-credit-cards-telugu.pdf

കന്നഡ - https://www.axis.bank.in/docs/default-source/default document-library/credit-cards/mitc/most-important-terms-and conditions-for-axis-bank-credit-cards-kannada.pdf

**നിരാകരണം**

ബാങ്ക്, അതിന്റെ ജോലിക്കാർ, ഏജന്റുമാർ അല്ലെങ്കിൽ കോൺട്രാക ടർമാർ എന്നിവർ നേരിട്ടോ അല്ലാതെയോ അനന്തരഫലമായോ ഉണ്ടാകുന്ന ഏതെങ്കിലും നഷ്ടത്തിനോ കുഴപ്പങ്ങൾക്കോ ബാധ്യസ്ഥമായിരിക്കില്ല, ഇതിൽ ഉപയോക്താവിനോ മറ്റേതെങ്കിലും വ്യക്തിക്കോ ഉണ്ടാകുന്ന വരുമാനം, ലാഭം, ബിസിനസ്സ്, കരാറുകൾ, പ്രതീക്ഷിക്കുന്ന സേവിംഗ്സ് അല്ലെങ്കിൽ സന്മനോഭാവം, ഉപയോഗത്തിലോ മൂല്യത്തിലോ ഉണ്ടാകുന്ന നഷ്ടം, മുൻകൂട്ടി കാണാവുന്നതോ അല്ലാത്തതോ ആയ സോഫ്റ്റ്‌വെയർ ഉൾപ്പെടെയുള്ള ഏതെങ്കിലും ഉപകരണങ്ങളുടെ നഷ്ടം, അഭ്യർത്ഥന സ്വീകരിക്കുന്നതിലും പ്രോസസ്സ് ചെയ്യുന്നതിലും പ്രതികരണങ്ങൾ രൂപപ്പെടുത്തുന്നതിലും തിരികെ നൽകുന്നതിലും ബാങ്കിന്റെ ഏതെങ്കിലും കാലതാമസം, തടസ്സം, സസ്പെൻഷൻ, പരിഹാരം അല്ലെങ്കിൽ പിശക് അല്ലെങ്കിൽ ഉപയോക്താവിന്റെ ടെലികമ്മ്യൂണിക്കേഷൻ ഉപകരണങ്ങളിലേക്കും ഏതെങ്കിലും സേവന ദാതാവിന്റെയും ബാങ്കിന്റെ സിസ്റ്റത്തിന്റെയും നെറ്റ്‌വർക്കിലേക്കും അതിൽ നിന്നും ഏതെങ്കിലും വിവരങ്ങളോ സന്ദേശമോ കൈമാറുന്നതിലെ പരാജയം, കാലതാമസം, തടസ്സം, സസ്പെൻഷൻ, നിയന്ത്രണം അല്ലെങ്കിൽ പിശക് എന്നിവ ഉൾപ്പെടുന്നു. ആക്സിസ് ബാങ്കിന് അതിന്റെ ഏക വിവേചനാധികാരത്തിൽ, ബാഹ്യ സേവന ദാതാവിന്റെയോ ഏജന്റിന്റെയോ സേവനങ്ങളും അവരുടെ ഉൽപ്പന്നങ്ങളുമായി ബന്ധപ്പെട്ട് ആവശ്യമായതോ അനിവാര്യമായതോ ആയ നിബന്ധനകളും പ്രയോജനപ്പെടുത്താം.

- അപേക്ഷയുടെ സ്റ്റാറ്റസ് ആക്സിസ് ബാങ്ക് 21 പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ അറിയിക്കുന്നതാണ്.

- ഡീലുകൾ, ഗിഫ്റ്റുകൾ, വൗച്ചറുകൾ, റിവാർഡ് പോയിന്റ് റിഡംപ്ഷൻ, കാർഡ് ആക്ടിവേഷൻ അല്ലെങ്കിൽ റദ്ദാക്കൽ എന്നിവ ഓഫർ ചെയ്യാൻ ആക്സിസ് ബാങ്ക് ഒരിക്കലും കാർഡ് CVV, PIN, OTP അല്ലെങ്കിൽ ഇന്റർനെറ്റ് പാസ്‌വേഡ് ആവശ്യപ്പെടില്ല. കോൾ/ഇമെയിൽ വഴി വരുന്ന അത്തരം

അഭ്യർത്ഥനകൾ ദയവായി അവഗണിക്കുക. ഏതെങ്കിലും ആശയ വിനിമയം മുമ്പ് ആക്സിസ് ബാങ്കിന്റെ ഔദ്യോഗിക വെബ്സൈറ്റിലെ കോൺടാക്റ്റ് നമ്പറുകൾ സ്ഥിരീകരിക്കുക.

- ഓൺലൈൻ/ഇ-കോം ട്രാൻസാക്ഷനുകൾ നടത്തുന്നതിന് മുമ്പ് വെബ് സൈറ്റിന്റെ/അല്ലെങ്കിൽ പോർട്ടലിന്റെ ആധികാരികത ഉറപ്പാക്കുക. നിങ്ങളുടെ പണം തട്ടിച്ചെടുക്കുന്ന വ്യാജ വെബ്സൈറ്റുകളെക്കുറിച്ച് ജാഗ്രത പാലിക്കുക.

- ബാങ്ക് ഈ കാർഡ് ഇഷ്യു ചെയ്യുന്നത് കസ്റ്റമറിന്റെ പേഴ്സണൽ ഉപയോഗത്തിനാണ്. ഒരു തേർഡ് പാർട്ടിയുടെ പേരിലോ ഗുണത്തിനായോ ട്രാൻസാക്ഷൻ നടത്തുന്നതിനെ ബാങ്ക് പ്രോത്സാഹിപ്പിക്കില്ല, പിന്തുണക്കുകയുമില്ല.

- ഇന്റർനാഷണൽ ട്രാൻസാക്ഷനുകളുടെ കാര്യത്തിൽ മർച്ചന്റ് റീഫണ്ടുകൾ /തർക്കങ്ങൾ ഉണ്ടായാൽ, കറൻസിയിലെ ഏറ്റക്കുറച്ചിലുകൾ മൂലമുണ്ടാകുന്ന നിരക്കിലെ അന്തരം കസ്റ്റമർ വഹിക്കേണ്ടതാണ്.

**ഡോക്യുമെന്റ് സമാപ്തം**

**കോണ്ടാക്ട് ചാനലുകൾ**

**കസ്റ്റമർ സർവ്വീസുകൾ**

18605005555 or 18604195555 (ചാർജ് ബാധകം) അല്ലെങ്കിൽ 18001035577 (ടോൾ-ഫ്രീ) ഇന്ത്യയിൽ ലാൻഡ്‌ലൈൻ അഥവാ സെൽ ഫോണിൽ നിന്ന് ആക്സസ് ചെയ്യാം

ACE ക്രെഡിറ്റ് കാർഡിന്: 18604191919 (ചാർജ് ബാധകം) ബുർഗുണ്ടി പ്രൈവറ്റ് കാർഡുകൾക്ക്: 18002108888 (ടോൾ-ഫ്രീ)
പ്രീമിയം കാർഡുകൾക്ക്: വിസ്താര ഇൻഫിനിറ്റ്, റിസർവ്, സെലക്ട്, അറ്റ്ലസ്, മൈൽസ് ആൻഡ് മോർ വേൾഡ് സെലക്ട് ആൻഡ് ഇൻഫിനിറ്റ്, ദയവായി ബന്ധപ്പെടുക: 1800 419 0065

+91-22-27648000 ഇന്ത്യക്ക് പുറത്ത് ആക്സസ് ചെയ്യാം.

ACE ക്രെഡിറ്റ് കാർഡിന് ഇമെയിൽ ID: service.acecard@axis.bank.in

LIC കാർഡുകൾ: 18004190064
ബാങ്കുമായി ബന്ധപ്പെടാൻ ദയവായി ലിങ്ക് സന്ദർശിക്കുക:
https://application.axis.bank.in/webforms/axis-support/index.aspx

**പരാതി നിവാരണം / എസ്കലേഷൻ**

ടു,

ശ്രീ ജിനിത് താക്കർ, നോഡൽ ഓഫീസർ

ആക്സിസ് ബാങ്ക് ലിമിറ്റഡ്, NPC1, 5th ഫ്ലോർ, ഗിഗാപ്ലെക്സ്, പ്ലോട്ട് നം. I.T.5. MIDC. എയറോളി നോളജ് പാർക്ക്, എയറോളി, നവി മുംബൈ 400708
ഇമെയിൽ ID: nodal.officer@axis.bank.in, ഫോൺ 91-080-61865200.
സമയം: 9:30am മുതൽ 5:30pm (തിങ്കൾ മുതൽ വെള്ളി)

9:30am മുതൽ 2:00pm (ശനി) ബാങ്കിംഗ് അവധിദിവസങ്ങൾ ഒഴികെ

**പരാതി നിവാരണ ഓഫീസർ - ഡിജിറ്റൽ ലെൻഡിംഗ്**

പേര്: ശ്രീ അഷീഷ് രാജ്പുത്ത്
സ്ഥാനപ്പേര്: അസിസ്റ്റന്റ് വൈസ് പ്രസിഡന്റ്
അഡ്രസ്: ആക്സിസ് ബാങ്ക് ലിമിറ്റഡ്, NPC1, 5th ഫ്ലോർ, ഗിഗാപ്ലെക്സ്, പ്ലോട്ട് നം. I.T.5. MIDC. എയറോളി നോളജ് പാർക്ക്, എയറോളി, നവി മുംബൈ 400708
കോണ്ടാക്ട് നം.: 8061865200

സമയം: 9:30 am മുതൽ 5:30 pm തിങ്കൾ മുതൽ ശനി (രണ്ടാം ശനിയും നാലാം ശനിയും ബാങ്ക് അവധി ദിവസങ്ങളും ഒഴികെ).
ഇമെയിൽ : nodal.officer@axis.bank.in

ഏതെങ്കിലും പരാതിയിൽ ബാധകമായ നഷ്ടപരിഹാരം https://www.axis.bank.in/docs/default-source/default-documentlibrary/Customer-Compensation-Policy.pdf ൽ ലഭ്യമായ ബാങ്കിന്റെ കോമ്പൻസേഷൻ നയം അനുസരിച്ച് നൽകുനനതാണ്.

**ഡോക്യുമെന്റ് സമാപ്തം** O002504829_05_24